I.ഇ.ബി. XII കേരള നിയമസഭ/X-12

**പന്ത്രണ്ടാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 മാർച്ച് 3, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

ഇ. ബാലാനന്ദന്റെ നിര്യാണം

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-ന്റെ പ്രമുഖ നേതാവും മുൻ നിയമസഭ, ലോക്സഭ, രാജ്യസഭാംഗവുമായിരുന്ന ഇ. ബാലാനന്ദന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റു നിന്ന് മൗനം ആചരിക്കുകയും ചെയ്തു.

മി. സ്പീക്കർ : കക്ഷിനേതാക്കളുമായുണ്ടാക്കിയ ധാരണ അനുസരിച്ച് 2009 മാർച്ച് മാസം 4-ാം തീയതി സഭയുടെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന 2008-09-ലെ ബഡ്ജറ്റിലേയ്ക്കുള്ള സപ്ളിമെന്ററി ഗ്രാന്റിനെ

സംബന്ധിച്ച ധനവിനിയോഗ ബില്ലും 2009-ലെ ധനവിനിയോഗ വോട്ട് ഓൺ അക്കൗണ്ട് ബില്ലും ഇന്ന് (03-03-09) വോട്ട് ഓൺ അക്കൗണ്ട് ചർച്ചയ്ക്കും വോട്ടെടുപ്പിനുംശേഷം പരിഗണനയ്ക്ക് എടുക്കുന്നതാണ്.

**അടിയന്തിര പ്രമേയം**

പത്രലേഖകർക്കെതിരായ വിജിലൻസ് അന്വേഷണം

മി. സ്പീക്കർ : കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ മരുന്ന് വാങ്ങിയ ഇടപാടിൽ ഉണ്ടായിട്ടുള്ള അഴിമതി പുറത്തു കൊണ്ടുവന്ന മലയാള മനോരമ ദിനപ്പത്രത്തിന്റേയും മനോരമ ന്യൂസിന്റേയും ലേഖകൻമാർക്കെതിരെ വിജിലൻസ് അന്വേഷണം ശുപാർശ ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. വി.ഡി.സതീശൻ, സി.ടി. അഹമ്മദ് അലി, സി.എഫ്. തോമസ്, കെ.ബി.ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : അടിയന്തിര പ്രമേയ നോട്ടീസിൽ പറഞ്ഞിട്ടുള്ള രണ്ട് കാര്യങ്ങളും നിഷേധിക്കുകയാണ്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പൂർണ്ണമായും അഴിമതിരഹിതമായാണ് പ്രവർത്തിക്കുന്നത്. മലയാള മനോരമയിൽ ഫെബ്രുവരി 27-ാം തീയതി വന്നിട്ടുള്ള വാർത്തയുമായി ബന്ധപ്പെട്ട് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും മറ്റ് ജീവനക്കാരുമായി ചേർന്ന് ഗവൺമെന്റിലേയ്ക്ക് ഒരു കത്ത് നൽകിയിട്ടുണ്ട്. അന്വേഷണാത്മക പത്രപ്രവർത്തനം നടത്തുന്നവർക്കെതിരെയോ പൊതുരംഗത്തുള്ള അഴിമതി പുറത്തുകൊണ്ടുവരുന്നവർക്കെതിരെയോ

യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല അങ്ങനെയുള്ള പത്രമാധ്യമങ്ങളേയും ലേഖകൻമാരേയും സ്വാഗതം ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. എന്നാൽ പത്ര മാധ്യമങ്ങൾ ആരോപണങ്ങളുന്നയിക്കുമ്പോൾ അത് വസ്തുതാപരവും സത്യസന്ധവുമായിരിക്കണം. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെതിരെ ഉന്നയിക്കുന്ന അഴിമതി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതും ഈ സ്ഥാപനത്തിന്റെ വിശ്വാസ്യതയെ തകർക്കുന്നതുമാണ്. പൊതുമേഖലയിൽ മരുന്നുസംഭരണവും വിതരണവും നീതിപൂർവ്വവും സത്യസന്ധവും അഴിമതിരഹിതവുമാക്കാൻ വേണ്ടിയാണ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകരിച്ചത്. സർക്കാർ ആശുപത്രികളിൽ ബി.പി.എൽ. കുടുംബത്തിൽപ്പെട്ടവർക്കും മറ്റുള്ളവർക്കും ഇന്ന് സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നുണ്ട്. കള്ളപ്രചരണങ്ങൾ നടത്തി സത്യത്തിന് നിരക്കാത്ത വാർത്തകൾ എഴുതി ഈ സ്ഥാപനത്തിന്റെ ക്രെഡിബിലിറ്റി നഷ്ടപ്പെടുത്താൻ പ്രതിപക്ഷം ശ്രമിക്കുകയാണ്. ഒരു കമ്പനിയുടെ മരുന്ന് ഡിസ്ക്വാളിഫൈ ചെയ്താൽ ആ മരുന്നിനെയാണ് ബ്ളാക്ക് ലിസ്റ്റിൽപ്പെടുത്തുന്നത്. എല്ലാ വസ്തുതകളും വെബ്സൈറ്റിൽ ലഭ്യമായിരിക്കെ ബ്ളാക്ക് ലിസ്റ്റിൽപ്പെടുത്തിയ കമ്പനിയെ വീണ്ടും ടെണ്ടറിൽ ഉൾപ്പെടുത്തി എന്നുപറയുന്നത് നൂറു ശതമാനവും തെറ്റായ കാര്യമാണ്. ജാജു, അഡ്രോയിറ്റ് എന്നീ രണ്ട് കമ്പനികളുടെ രണ്ട് മരുന്നുകളാണ് ബ്ളാക്ക് ലിസ്റ്റ് ചെയ്തിട്ടുള്ളത്. ഈ കമ്പനിയുടെ മറ്റ് ഉൽപ്പന്നങ്ങൾ സ്വീകരിക്കാൻ പറ്റുന്നതാണ്. സബ്സ്റ്റാൻഡേർഡാണെന്ന് കാണുന്ന മരുന്നുകൾ മാത്രമേ ബ്ളാക്ക് ലിസ്റ്റ് ചെയ്യാൻ നിയമം അനുവദിക്കുന്നുള്ളു. ബ്ളാക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള കമ്പനികളെ വീണ്ടും ഉൾപ്പെടുത്തി എന്ന വാർത്ത സൃഷ്ടിക്കുന്നത് ഈ കോർപ്പറേഷനെ തകർക്കാൻ വേണ്ടിയാണ്.

അഡ്രോയിറ്റ് എന്ന കമ്പനിയുടെ രണ്ട് മരുന്നുകൾ ബ്ളാക്ക് ലിസ്റ്റിൽപ്പെടുത്തിയതിനാൽ മരുന്നുകൾക്കുവേണ്ടിയുള്ള ടെണ്ടറിൽ പങ്കെടുക്കാൻ കമ്പനിക്ക് അനുവാദം നൽകിയിട്ടില്ല. കോർപ്പറേഷനിലെ ടെക്നിക്കൽ കമ്മിറ്റിയെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചതിലൂടെ കോർപ്പറേഷന്റെ വിശ്വാസ്യത തകർത്തു എന്നുമാത്രമല്ല എക്സ്പെർട്ട് ആയിട്ടുള്ള ഡോക്ടർമാരേയും ആരോപണ വിധേയരാക്കുകയാണ് ചെയ്തത്. നൂറു ശതമാനവും അഴിമതി രഹിതമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. വി.ഡി. സതീശൻ</u> : ടെണ്ടർ നടപടികൾ അതിന്റെ അവസാന ഘട്ടത്തിലെത്തി നിൽക്കുമ്പോൾ അതുമായി ബന്ധപ്പെട്ട അഴിമതികൾ പുറത്തുകൊണ്ടുവന്ന ഒരന്വേഷണാത്മക പത്ര പ്രവർത്തനത്തിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടു. അതുമായി ബന്ധപ്പെട്ട് മലയാള മനോരമ ന്യൂസ് ചാനലിൽ അതിന്റെ വീഡിയോ ദൃശ്യങ്ങളും പുറത്തുവന്നു. ടെക്നിക്കൽ കമ്മിറ്റി നിലവാരമില്ലെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞ മരുന്നുകൾ കോർപ്പറേഷന്റെ പ്രാഥമിക പട്ടികയിൽ വന്നതുസംബന്ധിച്ച് മാർവാഡിയുമായി നടന്ന സംഭാഷണത്തിന്റെ ഒളിക്യാമറയിൽ പകർത്തിയ വിവരങ്ങൾ ഈ പത്രത്തിലും വീഡിയോ ദൃശ്യങ്ങളിലും കൃത്യമായി വന്നിരിക്കുകയാണ്. ആരോഗ്യ വകുപ്പിനെ സംബന്ധിച്ച ഈ വാർത്ത വന്നപ്പോൾ മന്ത്രി അതിനെതിരെ ശക്തമായി പ്രതികരിക്കുന്നതിനുപകരം അഴിമതിക്കാരായ ഉദ്യോഗസ്ഥരെ സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. മലയാള മനോരമയിലെ റിപ്പോർട്ടർമാരും ചീഫ് എഡിറ്റർ ഉൾപ്പെടെയുള്ള ബോർഡ് മെമ്പർമാരും ചേർന്ന് ക്രിമിനൽ കോൺസ്പിറസി നടത്തി മാർവാ

ഡിയുടെ പക്കൽനിന്നും എട്ടുലക്ഷം രൂപ തട്ടിയെടുക്കാൻ ശ്രമിച്ചുവെന്ന് ഉദ്യോഗസ്ഥർ എഴുതികൊടുത്തതിനെ ന്യായീകരിച്ചുകൊണ്ടാണ് മന്ത്രി സംസാരിക്കുന്നത്. അഴിമതിയാരോപണം അടിസ്ഥാനരഹിതമാണെങ്കിൽ അതിനെക്കുറിച്ചുള്ള വിശദീകരണം നൽകുകയോ നിരപരാധിത്വം തെളിയിക്കുകയോ ചെയ്യണം. അഴിമതി പുറത്തുകൊണ്ടുവന്ന പത്രപ്രവർത്തകരുടെ പേരിൽ കള്ളക്കേസുണ്ടാക്കുകയും അവരെ ഭീഷണിപ്പെടുത്തുകയുമല്ല വേണ്ടത്. മെഡിക്കൽ സർവീസ് കോർപ്പറേഷനെക്കുറിച്ച് പറയുന്ന ന്യായീകരണങ്ങൾ ശരിയാണെങ്കിൽ പത്രസമ്മേളനം നടത്തി അത് പുറത്തുപറയുകയോ ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്തുവയ്ക്കുകയോ ചെയ്യണം. ജനാധിപത്യ സംവിധാനത്തിനും മാധ്യമസ്വാതന്ത്ര്യത്തിനും എതിരെയുള്ള സമീപനത്തെക്കുറിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :</u> അടിസ്ഥാനരഹിതമായ പരാമർശങ്ങളാണ് ബഹുമാനപ്പെട്ട അംഗം സഭയിൽ ഉന്നയിച്ചിട്ടുള്ളത്. അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കേണ്ട യാതൊരു ഉത്തരവാദിത്വവും ഈ ഗവൺമെന്റിനില്ല. തെളിവ് ലഭിച്ചാൽ അഴിമതി നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ തക്കസമയത്തുതന്നെ നടപടി സ്വീകരിക്കുന്നതായിരിക്കും. മരുന്ന് കമ്പനിയുടെ ഏജന്റെന്നുപറയുന്ന മാർവാടി ആരാണെന്ന് വ്യക്തമാക്കണം. പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സയും ഗുണനിലവാരമുള്ള മരുന്നും നൽകണമെന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. ചെറിയ ഹോസ്പിറ്റലിനെക്കുറിച്ചാണെങ്കിൽപ്പോലും അഴിമതിയുണ്ടെന്ന് പത്രമാധ്യമങ്ങളിൽ വാർത്ത വന്നാൽ ഔദ്യോഗിക റിപ്പോർട്ട് വാങ്ങി നടപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്.

അഴിമതിയുമായി ബന്ധപ്പെട്ട് ഡോക്ടർമാർക്കെതിരെയും ഉദ്യോഗസ്ഥൻമാർക്കെതിരെയും നടപടി എടുത്തിട്ടുണ്ട്. സർക്കാർ നല്ല മരുന്ന് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമ്പോൾ അതിനെതിരെ പ്രചരണം നടത്തുന്നത് ശരിയല്ല. യാഥാർത്ഥ്യം മനസ്സിലാക്കാതെയുള്ള ഒരു നടപടിക്കും ഗവൺമെന്റ് തയ്യാറാകുകയില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഒരു മരുന്ന് കമ്പനി തന്നെ പലതരത്തിലുള്ള മരുന്നുകൾ ഉൽപാദിപ്പിക്കുന്നുണ്ടാകാം. പക്ഷേ നിയമവിരുദ്ധമായി ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ നിരോധിക്കുകയെന്ന സമ്പ്രദായമാണ് ഇപ്പോൾ സംസ്ഥാനത്ത് തുടർന്നുവരുന്നത്. ഒരു കമ്പനി ഉൽപാദിപ്പിക്കുന്ന ഏറിയകൂറും മരുന്നുകൾ മോശമാണെങ്കിൽ കമ്പനിയെ നിരോധിക്കാം. നിരന്തരമായി മോശപ്പെട്ട മരുന്ന് ഉൽപാദിപ്പിക്കുന്ന കമ്പനിക്കെതിരെ നടപടി സ്വീകരിക്കുന്നകാര്യം ആലോചിക്കുന്നതാണ്. ഇത്തരം കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ പരിമിതമായ അധികാരം ഉപയോഗിച്ചുകൊണ്ട് പ്രസ്തുത കമ്പനിയുടെ മരുന്ന് ഉടനെതന്നെ നിരോധിക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. പത്രപ്രവർത്തകർ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ സത്യസന്ധമാണെങ്കിൽ അത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. ഉമ്മൻ ചാണ്ടി, സി. എഫ്. തോമസ്, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോ

ടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>കെട്ടിട നികുതി പുനർനിർണ്ണയം</u>

<u>ശ്രീ. ജോസഫ്. എം. പുതുശ്ശേരി:</u> സംസ്ഥാനത്ത് വർഷങ്ങൾക്കുശേഷം കെട്ടിട നികുതി പുനർനിർണ്ണയിച്ച് പുറപ്പെടുവിച്ച ഉത്തരവ് വിപരീത ഫലമാണുണ്ടാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട അപേക്ഷാ ഫോറം ലളിതവും സുതാര്യവുമാക്കണം. നിലവിലുള്ള രീതി അനുസരിച്ച് പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളായി തിരിച്ച് കരം ഈടാക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. പുതിയ രീതി നടപ്പാക്കുകയാണെങ്കിൽ പഞ്ചായത്ത് നിർമ്മിച്ച് നൽകുന്ന വീടുകൾക്ക് അധിക നികുതിയും ആഡംബര വീടുകൾക്ക് കുറഞ്ഞ നികുതിയുമാണ് നൽകേണ്ടി വരിക. സ്ലാബ് സമ്പ്രദായം നടപ്പിലാക്കിയാൽ ഇത്തരം അപാകതകൾ പരിഹരിക്കാൻ സാധിക്കും. പ്രശ്ന പരിഹാരത്തിന് അടിയന്തിര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ.പാലോളി മുഹമ്മദ് കുട്ടി):</u> നികുതി നിർണ്ണയം സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് പുതിയ സമ്പ്രദായം ആവിഷ്ക്കരിച്ചത്. വാർഷിക വാടകയുടെ അടിസ്ഥാനത്തിലായിരുന്ന നികുതി നിർണ്ണയം 1-4-08 മുതൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാക്കി. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഗതാഗത സൗകര്യം, നാഗരികത, വളർച്ച എന്നിവയുടെ അടിസ്ഥാനത്തിൽ

മേഖലകളാക്കി തിരിച്ചും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, കാലപ്പഴക്കം, തറനിർമ്മാണത്തിനും ചുമർ നിർമ്മാണത്തിനും ഉപയോഗിച്ച സാമഗ്രികൾ സ്വന്തം ഉപയോഗത്തിനാണോ, വാടകയ്ക്കുനൽകാനാണോ, റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിനാണോ എന്ന് തിരിച്ചും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്ലാബുകളായി നിശ്ചയിച്ച് നികുതി ചുമത്താനാണ് പുതിയ നിർദ്ദേശം. നികുതി നിർണ്ണയിക്കുന്ന തിനുമുമ്പായി നികുതി നിർദ്ദേശങ്ങൾ പൊതുജന സമക്ഷം അവതരിപ്പി ക്കുന്നതും മേഖല തിരിക്കൽ, റോഡുകളുടെ തരം എന്നിവ സംബന്ധിച്ച് വിജ്ഞാപനം ചെയ്യുന്നതുമാണ്. വീടുകളുടെ സ്ഥാനം രേഖപ്പെടുത്തി വീട്ട് നമ്പർ നൽകുന്നതാണ്. നികുതിദായകർക്ക് സ്വയം നികുതി നിർണ്ണയിച്ച് സമർപ്പിക്കാൻ സാധിക്കത്തക്ക തരത്തിലുള്ള സംവിധാനമാണ് ചെയ്തിട്ടു ള്ളത്. ഇവയൊക്കെ പരിശോധിച്ച് അന്തിമ നിർണ്ണയം നടത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി പാവപ്പെട്ടവർക്ക് നിർമ്മിച്ചു നൽകുന്ന വീടുകളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പുതുക്കിയ നിർദ്ദേശങ്ങൾ പ്രകാരമുള്ള നികുതി നിർണ്ണയം നടന്നു വരുന്നതേ യുള്ളൂ. സുതാര്യവും സ്വയം പരിശോധിക്കാവുന്നതുമായ മാനദണ്ഡങ്ങൾ പ്രകാരമാണ് നികുതി പരിഷ്ക്കാരം നടത്തുന്നത്. ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകാൻ നടപടികൾ സ്വീകരിക്കു ന്നുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായശേഷം എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ആവശ്യമായ മാറ്റം വരുത്തുന്നതാണ്.

(2) മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾ

ശ്രീ. പി. വിശ്വൻ: മത്സ്യത്തൊഴിലാളി സമൂഹം ഇന്ന് വിവിധ പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ മറൈൻ സെക്ടറിലും ഇൻലാന്റ് സെക്ടറിലുമായി 12 ലക്ഷം മത്സ്യത്തൊഴിലാളികൾ ഉണ്ട്; 222 ഫിഷിംഗ് ഗ്രാമങ്ങൾ മറൈൻ മേഖലയിലും 113 എണ്ണം ഇൻലാന്റ് മേഖലയിലും ഉണ്ട്. മത്സ്യത്തൊഴിലാളികൾ ഇന്ന് സാമ്പത്തികമായും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നിലാണ്. മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വ നിയമം ഉറപ്പാക്കുന്നതിനും അവരുടെ വരുമാനത്തിലെ അനിശ്ചിതാവസ്ഥ ഒഴിവാക്കുന്നതിനും പ്രകൃതിക്ഷോഭം വരുത്തുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം കാണാനും ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. അവർക്ക് മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ ആദായനിരക്കിൽ ലഭ്യമാക്കണം. വിദേശ ട്രോളറുകൾക്ക് ലൈസൻസ് അനുവദിക്കുന്നതും മത്സ്യ ഇറക്കുമതിയും തടയണം. മത്സ്യ മർക്കറ്റുകൾ നവീകരിക്കണം. സുനാമി പുനരധിവാസ പദ്ധതി, തീരമൈത്രി പദ്ധതി എന്നിവ വിപുലപ്പെടുത്തണം. കടലാക്രമണം മൂലം മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം അനുവദിക്കണം. നിലവിലുള്ള ഫിഷിംഗ് ഹാർബറുകൾ വിപുലപ്പെടുത്തണം. ഫിഷ് ലാന്റിംഗ് സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. മത്സ്യബന്ധനയാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും കൃത്യമായി നൽകണം.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : മത്സ്യമേഖലയെ ചൂഷണരഹിതവും വികസനോന്മുഖവുമായി മാറ്റുന്നതിന് പുതിയ നിയമങ്ങൾക്ക് രൂപം നൽകുകയും കടാശ്വാസ കമ്മീഷൻ, പലിശ

രഹിത വായ്പ, പീലിംഗ് തൊഴിലാളികൾക്ക് റിവോൾവിംഗ് ഫണ്ട്, മത്സ്യകേരളം പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, അക്വാപാർക്ക് തുടങ്ങിയവ നടപ്പിലാക്കിവരുന്നുണ്ട്. മത്സ്യബന്ധനത്തിന് പ്രത്യേകമായി മണ്ണെണ്ണ ക്വാട്ട അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കുന്നില്ല. ഗാർഹിക ഉപയോഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള മണ്ണെണ്ണയിൽ നിന്നാണ് സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പ് മത്സ്യബന്ധന ആവശ്യത്തിലേയ്ക്കായി 2532 കിലോ ലിറ്റർ മണ്ണെണ്ണ ലഭ്യമാക്കുന്നത്. ഈ സാഹചര്യത്തിൽ ഒ.ബി.എം.-കളിൽ മണ്ണെണ്ണയ്ക്കു പകരം എൽ.പി.ജി. ഉപയോഗിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചെങ്കിലും എൽ.പി. ജി.യുടെ ഉപയോഗം മത്സ്യത്തൊഴിലാളികൾക്ക് സ്വീകാര്യമായിരുന്നില്ല. എൽ.പി.ജി. എഞ്ചിനുകളുടെ പ്രവർത്തനക്ഷമത കുറയുന്നതായി കണ്ടെത്തി യതിനെത്തുടർന്ന് ഡീസൽ എഞ്ചിനുകളുടെ ഉപയോഗം പ്രോത്സാഹിപ്പി ക്കുന്നതിന് ഇപ്പോൾ നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും സ്വന്തമായി കുറഞ്ഞത് ഒന്നര സെന്റ് ഭൂമി കൈവശമുള്ളവരുമായ മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സഹായത്തോടുകൂടി ഭവനനിർമ്മാണത്തിന് വീടൊന്നിന് 50,000 രൂപ ധനസഹായമായി ഈ വർഷം മുതൽ അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതി നുശേഷം 5214 മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് 20.71 കോടിരൂപ അനുവദിച്ചതിൽ 3895 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ദേശീയ ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള ധനസഹായം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. മത്സ്യബന്ധന

മേഖലയുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി തീരദേശ വികസന കോർപ്പറേഷന് രൂപം നൽകിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷന് ഓഹരി മൂലധനമായി 15 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും പണി എത്രയുംവേഗം പൂർത്തീകരിക്കും. തീരദേശ വികസന പരിപാടിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 2007–08 വർഷം 627 ലക്ഷം രൂപയുടെ 27 പദ്ധതികൾ നടപ്പിലാക്കിവരികയാണ്. 2008–09 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ 500 ലക്ഷം രൂപയുടെ 27 പദ്ധതികൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ തീരക്കടലിൽ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ രക്ഷാ പ്രവർത്തനം നടത്തുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. 'കടൽ സുരക്ഷാ സേന'യുടെ സേവനം മൺസൂൺ കാലയളവിലും മറ്റ് അടിയന്തിര ഘട്ടങ്ങളിലും ഉപയോഗപ്പെടുത്തിവരുന്നു. സുനാമി അടിയന്തിര സഹായ പദ്ധതിയിൽ ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്ത സെർച്ച് ആന്റ് റെസ്ക്യൂ ബീക്കണുകൾ ഉൾപ്പെട്ട 20,000 രൂപയുടെ സുരക്ഷ കിറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് 3 റെസ്ക്യൂ ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 160 ലക്ഷം രൂപ കടൽ സുരക്ഷ പദ്ധതിയുടെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. വിഴിഞ്ഞം, കൊച്ചി, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ കടൽ സുരക്ഷ പ്രവർത്തനത്തിന് 3 ഹെലികോപ്റ്ററുകൾ ലഭ്യമാക്കുന്നതിന്

കേന്ദ്ര പ്രതിരോധ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 50 മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനും അവരുടെ ജീവനോപാധികളായ വള്ളം, എൻജിൻ എന്നിവയ്ക്കുമുണ്ടാകുന്ന അപകടങ്ങൾക്കും നാശനഷ്ടങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള മത്സ്യ സുരക്ഷ ഇൻഷ്വറൻസ് പദ്ധതി കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും സംയുക്തമായിട്ടാണ് നടപ്പിലാക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ അപകട മരണം, അവശത, കാണാതാകൽ എന്നിവയ്ക്ക് നൽകുന്ന ഈ പരിരക്ഷ 2007 ഡിസംബർ മാസം മുതൽ നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ സജീവ മത്സ്യത്തൊഴിലാളികളെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കുള്ള പ്രീമിയം തുക സർക്കാരാണ് അടയ്ക്കുന്നത്. 86.54 ലക്ഷം രൂപ പ്രീമിയം അടയ്ക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭത്താലും മറ്റ് അപകടങ്ങളാലും യാനമോ എഞ്ചിനോ നഷ്ടപ്പെടുകയാണെങ്കിൽ വിലയുടെ 75 ശതമാനവും വിലയുടെ 50 ശതമാനത്തിൽ കൂടുതൽ റിപ്പെയർ ചെലവ് വരികയാണെങ്കിൽ റിപ്പെയർ ചെലവിന്റെ 75 ശതമാനവും ഇൻഷ്വറൻസ് ആനുകൂല്യമായി ലഭിക്കുന്നതാണ്. യാനവും എഞ്ചിനും വലയും നഷ്ടപ്പെടുകയാണെങ്കിൽ വലയ്ക്കു പ്രീമിയം ഇല്ലാതെ പരമാവധി 20000 രൂപ വരെ ഇൻഷ്വറൻസ് തുക നൽകുന്നതാണ്. പ്രീമിയമായി അടയ്ക്കേണ്ടത് 1.8 ശതമാനം മാത്രമാണ്. ഇതിന്റെ 25 ശതമാനം തുക മത്സ്യത്തൊഴിലാളികളും 75 ശതമാനം സർക്കാരുമാണ് വഹിക്കുന്നത്. മത്സ്യഫെഡ് വഴി മത്സ്യബന്ധനോപകരണങ്ങൾക്ക് വരുന്ന നാശനഷ്ടങ്ങളും കേടുപാടുകളും പരിഹരിക്കുന്നതിന് ഉപകരണ സുരക്ഷാപദ്ധതി നടപ്പാക്കി

വരുന്നു. ഉപകരണങ്ങളുടെ വിലയുടെ 4 ശതമാനം പ്രീമിയമായി ഈടാക്കുന്നു. നാളിതുവരെ 195 കേസ്സുകളിലായി 41,87,133 രൂപ നഷ്ടപരിഹാരമായി കൊടുത്തു. മത്സ്യബന്ധനമേഖലയിലെ പ്രശ്നങ്ങൾ അതീവ ഗൗരവത്തോടുകൂടി പരിഹരിക്കുന്നതാണ്.

**സബ്മിഷൻ**

(1) വാഹനാപകടത്തിൽ മരണപ്പെട്ടവർക്ക് നഷ്ടപരിഹാരം

ശ്രീ. വി. സുരേന്ദ്രൻപിള്ള: 2009 മാർച്ച് 1-ാം തീയതി തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത് പത്മവിലാസത്തിൽ ശ്രീനിവാസനും കുടുംബവും ഹരിപ്പാട്ടേയ്ക്ക് പോകുംവഴി ചവറയിൽ വച്ചുണ്ടായ വാഹനാപകടത്തിൽ ശ്രീനിവാസനും അമ്മയും ഭാര്യയും ഒരു കുട്ടിയും മരണപ്പെടുകയും മറ്റൊരു കുട്ടി ഗുരുതരാവസ്ഥയിൽ മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയുമാണ്. ചികിത്സയിൽ കഴിയുന്ന കുട്ടിയുടെ വിദ്യാഭ്യാസത്തിനും സംരക്ഷണത്തിനും ജീവിതച്ചെലവിനുമുള്ള സഹായം നൽകാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ചവറയിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടവർക്ക് സർക്കാർ അടിയന്തിര സഹായമൊന്നും അനുവദിച്ചിട്ടില്ല. വളരെ സഹതാപം അർഹിക്കുന്ന കുടുംബമായതുകൊണ്ടും വിശേഷിച്ച് ചികിത്സയിൽ കഴിയുന്ന കുട്ടിയുടെ കാര്യം പരിഗണിക്കേണ്ടതായതുകൊണ്ടും തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽവന്ന സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് മനസ്സിലാക്കി അറിയിക്കുന്നതാണ്.

## (2) സ്പെഷ്യൽ സ്ക്കൂളുകളെ എസ്.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ശാരീരികമായും ബുദ്ധിപരമായും വൈകല്യമുള്ള കുട്ടികൾക്കുവേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എസ്.എസ്.എ.യുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): നിലവിലുള്ള നിയമങ്ങളും വ്യവസ്ഥകളും അനുസരിച്ച് ഇത് അനുവദിക്കുന്ന കാര്യം സാങ്കേതികമായി ബുദ്ധിമുട്ടുള്ളതാണ്. ബുദ്ധിപരവും ശാരീരികവുമായി വൈകല്യമുള്ള കുട്ടികളെ സംരക്ഷിക്കുന്ന തിന് പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് സർവ്വശിക്ഷാ അഭിയാന്റെ മാനദണ്ഡങ്ങളിലും വ്യവസ്ഥകളിലും ഉചിതമായ ഭേദഗതി വരുത്തി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി അംഗീകാരമുള്ള എല്ലാ സ്ക്കൂളുകളിലേയ്ക്കും സഹായം വ്യാപിപ്പിക്കാൻ കഴിയുമോയെന്ന് ആലോചിക്കുന്നതാണ്.

## (3) ഹവാല ഇടപാടുകൾ

ശ്രീ. പി.സി. ജോർജ്: സംസ്ഥാനത്ത് 200 കോടി രൂപയുടെ ഹവാല ഇടപാടുമായി ബന്ധപ്പെട്ട് നടൻ വിജയ്കുമാറിനെ കസ്റ്റഡിയിൽ എടുത്തുവെന്നും മുൻകൂർ ജാമ്യം അനുവദിച്ചുവെന്നും അറിയുന്നു. ഈ കേസ്സിൽ ഒരു പ്രമുഖ സംവിധായകന്റേയും സിനിമാ നടിയുടേയും പേരും ഉൾപ്പെട്ടിട്ടുള്ളതായി അറിയുന്നു. ഈ സംഭവത്തിലെ ദുരൂഹതയെപ്പറ്റി അന്വേഷിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തെങ്ങിയാമുക്ക് സ്വദേശിയായ ജോർജ്കുട്ടിക്ക് സിനിമാനടൻ വിജയ്കുമാർ നൽകാനുള്ള 25 ലക്ഷം രൂപ ജോർജ്കുട്ടിയുടെ ഡ്രൈവറായ ഹെൻറിയുടെ കൈവശം 10-02-09-ന് കൊടുത്തുവിടുകയുണ്ടായി. പണവുമായി പോകുകയായിരുന്ന ഹെൻറിയെ കളമശ്ശേരി ലൂയിസ് ഗാർഡന് സമീപം വച്ച് നാലുപേർ രണ്ട് മോട്ടോർസൈക്കിളിൽ വന്ന് മുഖത്ത് മുളകുപൊടി എറിഞ്ഞ് കൈവശം ഉണ്ടായിരുന്ന രൂപ കവർച്ച ചെയ്യുകയുണ്ടായി. കളമശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിൽ നടൻ വിജയ്കുമാറും കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ വിജയ്കുമാറിനെ ഒന്നാം പ്രതിയാക്കി കളമശ്ശേരി പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തി. കേസിൽ വിജയ്കുമാറിനെ കൂടാതെ മറ്റ് ഏഴ് പ്രതികൾ കൂടിയുണ്ട്. അന്വേഷണമദ്ധ്യേ പ്രതി എറണാകുളം സെഷൻസ് കോടതിയിൽനിന്നും മുൻകൂർ ജാമ്യമെടുക്കുകയും തുടർന്ന് അന്വേഷണ ഉദ്യോഗസ്ഥന് മുൻപാകെ ഹാജരായ പ്രകാരം അറസ്റ്റ് ചെയ്യുകയും ജാമ്യമെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ കേസിലെ മറ്റ് ഏഴ് പ്രതികളേയും തിരിച്ചറിഞ്ഞിട്ടുണ്ട്. എട്ടാം പ്രതി ധനുഷിനെ അറസ്റ്റ് ചെയ്ത് കോടതി മുൻപാകെ ഹാജരാക്കുന്നതിനും മറ്റു പ്രതികളെ പിടിക്കുന്നതിനും തുക കണ്ടെടുക്കുന്നതിനും ഈ തുക ഹവാല ഇനത്തിൽ പെട്ടതാണോ എന്നറിയുന്നതിനുമുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹവാല ഇടപാടുമായി ബന്ധപ്പെട്ട് 35 കേസുകൾ രജിസ്റ്റർ ചെയ്യുകയും രണ്ടേകാൽ കിലോയോളം

സ്വർണ്ണം പിടിച്ചെടുക്കുകയും 71 പ്രതികളെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്.

(4) സഹകരണമേഖലയുടെ പുനരുദ്ധാരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സഹകരണ പുനരുദ്ധാരണ പാക്കേജനുസരിച്ച് കേന്ദ്രം സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 3070 കോടി രൂപയിൽനിന്ന് കേരളത്തിന് 450 കോടി രൂപ ലഭിക്കേണ്ടതാണ്. നിലവിലുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് ഈ തുക സംസ്ഥാന സഹകരണ മേഖലയ്ക്ക് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഇത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വന്ന പാക്കേജാണ്. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി റിസർവ്വ് ബാങ്കിനും നബാർഡിനും അയച്ച കത്തിൽ കേരള സർക്കാരിന്റെ സാഹചര്യംകൂടി കണക്കിലെടുത്ത് ഭേദഗതി വേണമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ നിലപാടും അതാണ്. ഹ്രസ്വകാല വായ്പയും ദീർഘകാല വായ്പയുമായി വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം 14,839 കോടിരൂപയാണ് അംഗീകരിച്ചിട്ടുള്ളത്. ഇതിൽ 789.18 കോടിരൂപ കേരളത്തിന് കിട്ടുമെന്നാണ് കണക്കാക്കുന്നത്. എന്നാൽ ഇതിന്റെ കണ്ടീഷൻസിനെ ക്കുറിച്ചുള്ള തർക്കം കേന്ദ്രവും സംസ്ഥാനവും തമ്മിൽ തുടരുകയാണ്. 3,000 കോടിരൂപ കടാശ്വാസത്തിനായി ആവശ്യപ്പെട്ടെങ്കിലും 1121.56 കോടിരൂപ മാത്രമാണ് അനുവദിച്ചത്. അതിൽ 628 കോടിരൂപയാണ് തന്നത്. ഏപ്രിൽ ഒന്നു മുതലുള്ള പലിശ തരാത്തതുകൊണ്ട് 150 കോടി രൂപ നഷ്ടപ്പെട്ട കാര്യത്തിൽ കേന്ദ്രവും സംസ്ഥാനവും തമ്മിൽ ധാരണയിലെത്തിയിട്ടുണ്ട്. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ മിക്കതും ഗവൺമെന്റ്

അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റേയുംകൂടി സഹകരണത്തോടെ മുന്നോട്ട് പോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

(5) <u>വൈദ്യുതി ബോർഡിന്റെ പുന:സംഘടന</u>

<u>ശ്രീ. എൻ. രാജൻ:</u> ഇലക്ട്രിസിറ്റി ബോർഡിനെ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിങ്ങനെ പ്രത്യേകം കമ്പനികളാക്കി മാറ്റണമെന്ന കേന്ദ്ര നിർദ്ദേശത്തോട് കേരളമുൾപ്പെടെ പല സംസ്ഥാനങ്ങളും എതിർപ്പ് പ്രകടിപ്പിച്ചു. ഇലക്ട്രിസിറ്റി ബോർഡിനെ ഒറ്റക്കമ്പനിയായി പരിഗണിക്കാമെന്ന് കേരളം സമ്മതിച്ചു. കമ്പനിവൽക്കരണം നടപ്പാക്കിയാൽ ബോർഡിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന ജീവനക്കാരുടെ ആശങ്ക അകറ്റാൻ അവരുടെ പ്രതിനിധികളുമായി ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ):</u> 2003-ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡ് കമ്പനികളായി പുന:സംഘടിപ്പിക്കേണ്ടതാണ്. എന്നാൽ ഈ ആക്ടിലെ 172 (എ) അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ പുന:സംഘടന നടപടികൾ നിശ്ചിത കാലയളവ് വരെ നീട്ടിവയ്ക്കാവുന്നതാണ്. അതനുസരിച്ച് കഴിഞ്ഞ ഗവൺമെന്റ് 4 തവണയും ഈ സർക്കാർ 5 തവണയും പുന:സംഘടന കാലാവധി നീട്ടി. എന്നാൽ ട്രാൻസ്മിഷൻ വിഭാഗത്തിൽ പ്രത്യേക കമ്പനിയുടെ പുന:സംഘടനയ്ക്ക് തയ്യാറായാൽ മാത്രമേ ഇനിയും കാലാവധി നീട്ടിത്തരാൻ കഴിയുകയുള്ളൂ എന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. 19-09-2008-ൽ കേന്ദ്ര പവർ സെക്രട്ടറി, സംസ്ഥാന ചീഫ് സെക്രട്ടറിയും പവർ സെക്രട്ടറിയുമായി നടത്തിയ യോഗത്തിൽ കാലാവധി നീട്ടി നൽകുന്നതിന് ട്രാൻസ്മിഷൻ വിഭാഗത്തെ വേർതിരിച്ച്

കമ്പനി ആക്കണമെന്ന് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ ഒറ്റക്കമ്പനിയായി പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചു. സംസ്ഥാനത്തിന്റെ വികസന താൽപ്പര്യങ്ങളെ മുൻനിർത്തി 25-09-2008-ൽ ബോർഡിന്റെ ആസ്തിബാധ്യതകൾ സർക്കാരിൽ നിക്ഷിപ്ത മാക്കിക്കൊണ്ട് ഒരു ട്രാൻസ്ഫർ സ്കീം പുറപ്പെടുവിച്ചു. വൈദ്യുതി ബോർഡിന്റെ ശിഥിലീകരണവും സ്വകാര്യവൽക്കരണവും തടഞ്ഞ് ആ മേഖലയിൽ ഉപഭോക്തൃ സംരക്ഷണവും അവരുടെ താൽപ്പര്യവും ഉറപ്പാ ക്കുന്നതോടൊപ്പം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും ലഭ്യമായിക്കൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതുമാണ്. വൈദ്യുതി ബോർഡ് വിഭജിച്ച് സ്വകാര്യവൽക്കരിക്കണമെന്ന കേന്ദ്ര നയത്തി നെതിരായി ഒറ്റക്കമ്പനിയായി പുന:സംഘടിപ്പിച്ച ഏക സംസ്ഥാനമാണ് കേരളം. ഉൽപ്പാദനം, പ്രസരണം, വിതരണം തുടങ്ങി എല്ലാം പരിപൂർണ്ണ മായി സംരക്ഷിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ആശങ്കകൾ ബാക്കിയുണ്ടെങ്കിൽ വിവിധ യൂണിയൻ നേതാക്കളുടെ യോഗം വിളിച്ച് അത് ദൂരീകരിക്കുന്നതാണ്.

(6) <u>അലിഗഡ് മുസ്ലീം സർവ്വകലാശാല കാമ്പസിന് സ്ഥലം ഏറ്റെടുക്കൽ</u>

<u>ശ്രീ. എം. ഉമ്മർ:</u> കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച അലീഗഡ് സർവ്വകലാശാല നഷ്ടപ്പെടാതിരിക്കുന്നതിന് ലാന്റ് അക്വിസിഷൻ ത്വരിതപ്പെടു ത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് മുസ്ലീം സംഘടനകളുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ ധർണ്ണ നടക്കുകയാണ്. ഗവൺമെന്റിന്റെ കൈവശം ഭൂമി ഉണ്ടായിരുന്നിട്ടും സ്വകാര്യ ഭൂമി അക്വയർ ചെയ്യാനാണ് നടപടിയെടുത്തത്. ഗവൺമെന്റിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കി

അലിഗഢ് സർവ്വകലാശാല കാമ്പസ് കേരളത്തിന് നഷ്ടപ്പെടാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേന്ദ്രം അനുവദിച്ച അലിഗഢ് മുസ്ലീം സർവ്വകലാശാല കാമ്പസ് കേരളത്തിന് നഷ്ടപ്പെടാൻ യാതൊരു കാരണവശാലും ഈ സർക്കാർ അനുവദിക്കില്ല. അലിഗഢ് യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ ബഡ്ജറ്റിൽ തുക നീക്കി വയ്ക്കുകയും തഹസീൽദാർ ഉൾപ്പെടെയുള്ള ടീമിനെ സ്ഥലം ഏറ്റെടുക്കാനുള്ള ജോലികൾക്കായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(7) വെള്ളനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : 19.4.2008-ൽ നിർമ്മാണ ഉദ്ഘാടനം നടത്തിയതും നബാർഡ് പദ്ധതിയിൽപ്പെട്ടതുമായ വെള്ളനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : വെള്ളനാട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നബാർഡിന്റെ ആർ.ഐ.ഡി.എഫ്-II സ്കീമിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ പ്രവൃത്തി കരാറുകാരൻ ഏറ്റെടുത്തെങ്കിലും അപ്രോച്ച് റോഡിന് സ്ഥലം ലഭ്യമാകാത്ത പ്രശ്നം ഉന്നയിച്ചുകൊണ്ട് പണി തുടങ്ങാൻ തയ്യാറായില്ല. കമ്പി, സിമന്റ്, ടാർ, മെറ്റൽ എന്നിവയുടെ വിലവർദ്ധനവ് ചൂണ്ടിക്കാണിച്ചപ്പോൾ കമ്പിയുടേയും സിമന്റിന്റേയും വിലവർദ്ധനവ് സർക്കാർ അംഗീകരിച്ചു. ബാക്കി അംഗീകരിക്കാത്തതിനെത്തുടർന്ന് വർക്ക് തുടങ്ങുന്നതിന് കരാറുകാരൻ തയ്യാറായില്ല.

ഇതിന്മേൽ സ്വീകരിക്കേണ്ട അനന്തര നടപടികളെക്കുറിച്ച് പരിശോധിക്കുന്ന താണ്.

(8) ജില്ലാ ഫോറം സ്റ്റോർ

ശ്രീ. കെ.വി. കുഞ്ഞിരാമൻ : കാസർഗോഡ് ജില്ലയിലെ ജനങ്ങളുടെ ജാതി, മതം എന്നിവ രേഖപ്പെടുത്തിയത് തിരുത്താനുള്ള ഫോറത്തിന് കോഴിക്കോട് ജില്ലയിലെ ഓഫീസുമായും സർക്കാർ ഓഫീസുകളിലേ യ്ക്കുള്ള ഫോറങ്ങൾക്ക് കണ്ണൂർ ജില്ലയെയും ആശ്രയിക്കേണ്ട സ്ഥിതി വിശേഷം നിലനിൽക്കുന്നതിനാൽ കാസർഗോഡ് ജില്ലയ്ക്ക് വേണ്ടിമാത്രം പ്രത്യേകം ഒരു ഫോറം സ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) : കാസർഗോഡ് ജില്ലയ്ക്ക് ഫോറം സ്റ്റോർ ആരംഭിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾക്കുപുറമെ വിവിധ വിഭാഗങ്ങളിലായി 6 തസ്തിക കളെങ്കിലും സൃഷ്ടിക്കേണ്ടി വരും. ഇക്കാര്യം സർക്കാർ പരിശോധിക്കുന്ന താണ്.

(9) റെയിൽവേ ഓവർബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. കെ. ബാബു : ദേശീയപാത 17-ലെ ഇടപ്പള്ളി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : ദേശീയപാത 17-ലെ ഇടപ്പള്ളി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് എം.എൽ.എ കൂടി പങ്കെടുത്ത യോഗ തീരുമാന പ്രകാരം സമയം നീട്ടിക്കൊ ടുത്തുവെങ്കിലും യാതൊരുവിധ പണികളും നടക്കാത്തതിനാൽ കരാറു

കാരനെ ടെർമിനേറ്റ് ചെയ്യാൻ തീരുമാനം എടുത്തപ്പോൾ സമയബന്ധിതമായി പണി തീർക്കാമെന്ന് കരാറുകാരൻ സമ്മതിക്കുകയും പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ-യുടെ സാന്നിദ്ധ്യത്തിൽ ഒരിക്കൽക്കൂടി പ്രത്യേകമായി യോഗം ചേർന്ന് കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(10) പാപ്പിനിശ്ശേരി-ചെറുകുന്ന് റോഡിന്റെ പ്രവൃത്തി

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : വളപട്ടണംപുഴയുടെ തീരത്ത് കടലിനോട് തൊട്ടുകിടക്കുന്ന ആറ് പഞ്ചായത്തുകളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും ആ പ്രദേശങ്ങളിലേയ്ക്ക് ഗതാഗതം ഏർപ്പെടുത്തുന്നതിനുംവേണ്ടി പാപ്പിനിശ്ശേരി-കല്ല്യാശ്ശേരി-കണ്ണപുരം-ചെറുകുന്ന് റോഡിന്റെ നിർമ്മാണ പ്രവൃത്തി അടിയന്തിരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : പാപ്പിനിശ്ശേരി മുതൽ പഴവങ്ങാടി വരെയുള്ള റോഡിന് 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ഭരണാനുമതി നൽകി ഒന്നാംഘട്ട പ്രവൃത്തി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ശേഷിച്ച ഭാഗത്തിന്റെ പ്രവൃത്തി ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(11) വാട്ടർ ടാങ്കിന്റെയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും പ്രവർത്തനം

ശ്രീ. കെ.കെ. ദിവാകരൻ: പാലക്കാട് നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം 31-3-2009-നകം പരിഹരിക്കുമെന്ന് പറഞ്ഞുവെങ്കിലും മൂത്താൻതറ ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തനം ഇതുവരെ ആരംഭി

ച്ചിട്ടില്ല. പാലക്കാട് മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിലുള്ള അപാക തകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.മോൻസ് ജോസഫ്) :പാലക്കാട് ശുദ്ധജലവിതരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുവേണ്ടി 23 ലക്ഷം ലിറ്റർ സംഭരണിയുടെ ഭരണാനുമതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയതാണ്. എന്നാൽ പ്രസ്തുത പണി 9/08 മുതൽ നിർത്തിവച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ച് വരികയാണ്. മലമ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(12) ചെക്ക് ഡാം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.പി. മുഹമ്മദ്: ഭാരതപ്പുഴയുടെ തീരത്തുള്ള ചെങ്ങണാം കുന്നിലും കുന്തിപ്പുഴയുടെ തീരത്തുള്ള തോണിക്കടവ്, പാറക്കടവ് പ്രദേശങ്ങ ളിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ജലസേചനത്തിനുമായി ചെക്ക് ഡാം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.മോൻസ് ജോസഫ്) : ഭാരതപ്പുഴയുടെ തീരത്തുള്ള ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ ചെങ്ങണാംകുന്നിലും തൂതപ്പുഴയിൽ വിളയൂർ ഗ്രാമപഞ്ചായ ത്തിലെ പാറക്കടവിലും തടയണകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പര്യവേഷണ പ്രവൃത്തി, ഡിപ്പാർട്ട്മെന്റൽ സർവ്വേ, സാമ്പിൾ പരിശോധന എന്നിവ നടത്തിയശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

(13) എ.കെ. നഗറിൽ സഹോദരൻമാർ മരണപ്പെട്ട സംഭവം

ശ്രീ. വി. ശിവൻകുട്ടി: തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി അയ്യങ്കാളി നഗറിൽ താമസിച്ചിരുന്ന സഹോദരൻമാരായ സുനിൽകുമാറിന്റെയും അനിൽ നാഥിന്റെയും ദുരൂഹ മരണം സംബന്ധിച്ച് സത്യസന്ധമായ അന്വേഷണം നടത്തണം. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് Scheduled Castes and Scheduled Tribes (Prevention of Atrocities) Act അനുസരിച്ചുള്ള ധനസഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി അയ്യങ്കാളി നഗറിൽ താമസിച്ചിരുന്ന സുനിൽകുമാർ 2.3.05-ന് രാത്രി 7.15-ന് ചെല്ലമംഗലം എന്ന സ്ഥലത്തുവച്ച് കാറുമായി കൂട്ടിയിടിച്ചുണ്ടായ ബൈക്കപകടത്തിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 3.3.05-ന് മരണപ്പെട്ട സംഭവത്തിൽ കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ഡ്രൈവറെ പ്രതിയാക്കിയുള്ള ചാർജ്ജ് കേസ് വിചാരണയിലിരിക്കുകയുമാണ്. സുനിൽകുമാറിന്റെ സഹോദരൻ അനിൽനാഥ് 16.12.06-ന് മോട്ടോർ സൈക്കിളിൽ യാത്ര ചെയ്യവെ പൂജപ്പുര കൈലാസ് നഗർ ജംഗ്ഷന് സമീപം വച്ച് മോട്ടോർ സൈക്കിളിൽ തീ കത്തുകയും ഗുരുതരമായ പൊള്ളലേറ്റ് മെഡിക്കൽകോളേജ് ആശുപത്രിയിൽ വച്ച് മരണപ്പെടുകയും ചെയ്തു. ഇത് സംബന്ധിച്ച് തിരുവനന്തപുരം സിറ്റി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇരുസഹോദരൻമാരുടേയും മരണത്തിൽ ദുരൂഹതയുള്ള

തായി പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഗൗരവം കണക്കിലെടുത്ത് പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(14) രാസമാലിന്യം നിക്ഷേപിച്ചവർക്കെതിരെ നടപടി

ശ്രീ. എം.എം. മോനായി: കുന്നത്തുനാട് മണ്ഡലത്തിലെ പീച്ചിങ്ങാച്ചിറ പെരിയാർവാലി കനാലിൽ രാസമാലിന്യം നിക്ഷേപിച്ചവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കുന്നത്തുനാട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ പീച്ചിങ്ങാച്ചിറയിൽ പെരിയാർവാലി കനാലിൽ 13.12.08-ന് രാത്രി ഏതോ രാസവസ്തു കൊണ്ടുവന്നൊഴിച്ച് മലിനമാക്കിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അമ്പലമേട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കനാലിൽ നിന്നും ശേഖരിച്ച സാമ്പിൾ പരിശോധനയ്ക്കായി കൊച്ചി റീജിയണൽ കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ അയച്ചുകൊടുത്തിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിത അന്വേഷണം നടത്തിവരികയാണ്.

(15) കെ.എസ്.ആർ.ടി.സി-യുടെ അന്തർ സംസ്ഥാന സർവ്വീസുകൾ

ശ്രീ. ആർ. സെൽവരാജ്: കെ.എസ്.ആർ.ടി.സി-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും യാത്രാക്ലേശം പരിഹരിക്കുന്നതിനും നിറുത്തലാക്കിയ അന്തർ സംസ്ഥാന സർവ്വീസുകൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): തൃപ്പരപ്പ്, കുളച്ചൽ, തേങ്ങാപ്പട്ടണം, അരുമന, പേച്ചിപ്പാറ എന്നീ അന്തർ സംസ്ഥാന സർവ്വീസുകൾ ലാഭകരമല്ലാത്തതിനാലും ഈ റൂട്ടുകളിൽ തമിഴ്നാട് കോർപ്പറേഷന്റെ ബസ്സുകൾ ധാരാളം സർവ്വീസ് നടത്തുന്നതുകൊണ്ടും അന്തർ സംസ്ഥാന കരാറിൽ നിന്നും അവയെ ഒഴിവാക്കിയിരിക്കുകയാണ്. നാഗർകോവിലിലേയ്ക്ക് തിരുവനന്തപുരത്തുനിന്ന് കൂടുതൽ സർവ്വീസുകളും തിരുവനന്തപുരം, നെയ്യാറ്റിൻകര, കളിയിക്കാവിള, ചെന്നിത്തോട്ടം, മാർത്താണ്ഡം ചെയിൻ സർവ്വീസും ആരംഭിച്ച് യാത്രാസൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. ആവശ്യമാണെന്നു തോന്നുന്നപക്ഷം അടുത്ത അന്തർ സംസ്ഥാന കരാറിൽ കൂടുതൽ സർവ്വീസുകൾ ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കാം.

(16) വോർക്കോടിയിൽ പോളിടെക്നിക്ക് കോളേജ്

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന, ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനംപോലുമില്ലാത്ത മഞ്ചേശ്വരം മണ്ഡലത്തിലെ വോർക്കോടിയിൽ ഒരു പോളിടെക്നിക്ക് കോളേജ് ആരംഭിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേന്ദ്രത്തിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കാൻ പോകുന്ന 13 പുതിയ പോളിടെക്നിക്കുകളിൽ ഒന്ന് മഞ്ചേശ്വരം വോർക്കോടിയിലേതാണ്.

(17) പള്ളിപ്പാട് ഐ.ടി.ഐ.

ശ്രീ. ബി. ബാബുപ്രസാദ്: ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പള്ളിപ്പാട് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): മുൻഗണന ലിസ്റ്റിൽ 58 ഐ.ടി.ഐ.കളാണുള്ളത്. നടപ്പുസാമ്പത്തിക

വർഷം 13 എണ്ണവും 2009-2010-ലെ ബഡ്ജറ്റിൽ 10 എണ്ണവും മാത്രമേ അനുവദിച്ചിട്ടുള്ളൂ. അടുത്ത സാമ്പത്തിക വർഷം പള്ളിപ്പാട് ഐ.ടി.ഐ-ക്ക് മുൻഗണന നൽകുന്നതാണ്.

(18) ലളിതാംബിക കമ്മിറ്റി റിപ്പോർട്ട്

ശ്രീ. ബാബു പോൾ: കള്ളുചെത്ത് മേഖലയെ സംരക്ഷിക്കുന്നതിനേയും അതിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനേയും കുറിച്ച് ലളിതാംബിക കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് നടപ്പിലാക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ലളിതാംബിക കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനാവശ്യമായ നിയമഭേദഗതി ലാ ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലാണ്. നിയമം പാസ്സാക്കുന്നതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് മേഖലയിൽ സമഗ്രമായ പുന:സംഘടന നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(19) മുപ്ലിവാലി എസ്റ്റേറ്റ് സർക്കാർ ഏറ്റെടുക്കൽ

പ്രൊഫ. സി. രവീന്ദ്രനാഥ്: കൊടകര മണ്ഡലത്തിലെ ഹാരിസൺ മലയാളം കമ്പനിയുടെ സർക്കാർ ഏറ്റെടുക്കുന്ന മുപ്ലിവാലി എസ്റ്റേറ്റിലെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനെക്കുറിച്ച് വ്യക്തമാക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ഹാരിസൺ മലയാളം കമ്പനിയുടെ 4896.65 ഏക്കർ ഭൂമി ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ട്. തോട്ടത്തിലെ തൊഴിലാളികളുടെ എല്ലാ അവകാശങ്ങളും പൂർണ്ണമായും സംരക്ഷിക്കപ്പെടും.

(20) <u>കൃഷി നശിച്ചവർക്ക് സഹായം</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> മഴക്കുറവ് കാരണം ഡാമുകളിലെ വെള്ളം കുറഞ്ഞതുമൂലം പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഭാഗത്ത് നെൽക്കൃഷിയും മറ്റ് കാർഷിക വിളകളും നശിച്ച കർഷകർക്ക് ഹെക്ടറിന് 15,000 രൂപ വച്ച് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> പാലക്കാട് ജില്ലയിൽ പ്രത്യേകിച്ച് കൊല്ലങ്കോട് മേഖലയിൽ ചൂടിന്റെ ആധിക്യം കൊണ്ട് കൃഷിക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. നോംസ് അനുസരിച്ച് കണക്കാക്കിയ നഷ്ടപരിഹാരം നൽകുന്നതിന് പ്രയാസമില്ല. അധികമായി കൊടുക്കുന്ന കാര്യം തെരെഞ്ഞെടുപ്പ് ചട്ടം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(21) <u>ഇൻവെസ്റ്റ്മെന്റ് സബ്സിഡി കുടിശ്ശിക</u>

<u>ശ്രീ. എൻ. ശക്തൻ:</u> ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഗുരുതരമായ പ്രതിസന്ധി നേരിടുന്ന ക്ലാസിഫൈഡ് ഹോട്ടലുകൾക്ക് നൽകിക്കൊണ്ടിരുന്ന ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും ഇലക്ട്രിസിറ്റി സബ്സിഡിയും ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പുന:സ്ഥാപിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> കഴിഞ്ഞ മൂന്ന് വർഷമായി ക്ലാസിഫൈഡ് ഹോട്ടലുകൾക്ക് ടൂറിസം വകുപ്പ് നൽകിവന്നിരുന്ന ഇൻവെസ്റ്റ്മെന്റ് സബ്സിഡിയിൽ അപേക്ഷകളുടെ ബാഹുല്യവും വർഷാവർഷമുള്ള ബഡ്ജറ്റിൽ സബ്സിഡി ശീർഷകത്തിൽ അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയും കാരണം കുടിശ്ശിക വന്നിട്ടുണ്ട്. ആയുർവേദ യൂണിറ്റുകൾ,

ഹൗസ് ബോട്ടുകൾ, ചുണ്ടൻ വള്ളങ്ങൾ എന്നീ വിഭാഗങ്ങളിലുള്ള അപേക്ഷ പരിഗണിച്ച് ഇൻവെസ്റ്റ്മെന്റ് സബ്സിഡി ലഭ്യമാക്കാൻ നടപടിയെടുത്തു വരുന്നു.

(22) ഇക്കോ ടൂറിസം പദ്ധതി

ശ്രീ. എം. ഹംസ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അനങ്ങൻമല കേന്ദ്രീകരിച്ച് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അനങ്ങൻമല കേന്ദ്രീകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന സമഗ്ര ഇക്കോ ടൂറിസം പദ്ധതിയുടെ തുടർനടപടികൾക്കായി ഒരു പദ്ധതി തയ്യാറാക്കി വനം വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായാൽ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

(23) കള്ളുഷാപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. പി. തിലോത്തമൻ: ആലപ്പുഴ, കോട്ടയം ജില്ലകളിലെ കള്ളുഷാപ്പ് തൊഴിലാളികളെക്കൂടി ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഇന്നത്തെ നിയമം അനുസരിച്ച് കള്ളുല്പാദനത്തിനുവേണ്ടി ഉപയോഗിക്കുന്ന ഓരോ വൃക്ഷത്തിനും വൃക്ഷക്കരം അടച്ച് ചെത്തുന്ന തൊഴിലാളിയുടെ പേരുവിവരം വ്യക്തമാക്കുന്ന പി-ടാക്സ് ഫോറം പൂരിപ്പിച്ച് തൊഴിലുടമ എക്സൈസ് വകുപ്പിന് നൽകിയാൽ വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരത്തിന് തൊഴിലാളിക്ക് അർഹത ലഭിക്കും.

തൊഴിലാളിയെ നിയോഗിക്കുന്ന കരാറുകാരൻ വൃക്ഷക്കരം അടയ്ക്കുകയോ എക്സൈസ് വകുപ്പുവഴി അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്താലും നിയമപ്രകാരമുളള നഷ്ടപരിഹാരം തൊഴിലാളിക്ക് ലഭിക്കുന്നതാണ്..

(24) <u>അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിന്റെ പുനരുദ്ധാരണം</u>

<u>ശ്രീ. കെ. രാജു</u>: അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്നതും കഴിഞ്ഞ നാല് വർഷമായി പൂട്ടിക്കിടക്കുന്നതുമായ അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന്റെ ചുമതല ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും പദ്ധതിയുണ്ട്.

(25) <u>വെടിമരുന്നുശാലയ്ക്ക് തീപിടിച്ച് ദുരന്തത്തിനിരയായവരുടെ കുടുംബത്തിന് സഹായം</u>

<u>ശ്രീ. പള്ളിപ്രം ബാലൻ:</u> ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിലെ കോട്ടപ്പുറത്ത് വെടിമരുന്നുശാലയ്ക്ക് തീപിടിച്ച് ദുരന്തത്തിനിരയായവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ</u>): വെടിമരുന്നുശാലയ്ക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നോയെന്ന് ഗവൺമെന്റ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. മരണപ്പെട്ടയാളുടെ കുടുംബത്തിന് 5000 രൂപയും പരിക്കേറ്റവർക്ക് 1000 രൂപ

വീതവും നൽകിയിട്ടുണ്ട്. കൂടുതൽ ധനസഹായം നൽകുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

(26) <u>ആക്രമണം നടത്തിയവരെ അറസ്റ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. യു.സി. രാമൻ:</u> കൊയിലാണ്ടിയിലും പരിസര പ്രദേശങ്ങളിലും മുസ്ലീംലീഗ് പ്രവർത്തകർക്കും യു.ഡി.എഫ് പ്രവർത്തകർക്കുമെതിരെയുണ്ടായ ആക്രമണത്തിൽ 150 പേർക്കെതിരെ കേസ്സെടുത്തെങ്കിലും ഒരാളെ മാത്രമാണ് അറസ്റ്റ് ചെയ്തത്. യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് അടിയന്തിര നടപടികളുണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> കൊയിലാണ്ടിയിലും പരിസര പ്രദേശത്തും സംഘർഷഭരിതമായ അന്തരീക്ഷം ഇപ്പോൾ നിലനിൽക്കുന്നില്ല. ഇക്കാര്യം വളരെ ഗൗരവമായെടുത്ത് പ്രശ്നപരിഹാരത്തിനുള്ള നടപടികളെടുക്കും.

(27) <u>വരൾച്ചമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. എ.കെ. ചന്ദ്രൻ:</u> കടുത്ത വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കേരളത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിച്ച് കേന്ദ്ര സർക്കാരിൽനിന്ന് പരമാവധി സഹായം നേടിയെടുക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. കുടിവെള്ള ക്ഷാമം പരിഹരിക്കാൻവേണ്ടി വാട്ടർ അതോറിറ്റിക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ ധനസഹായം നൽകണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> കുടിവെള്ള വിതരണത്തിന് 17 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ സംബന്ധിച്ചുള്ള

ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റിന് നിവേദനം നൽകി സഹായം ലഭ്യമാക്കാൻ ശ്രമിക്കുകയാണ്.

(28) ഫാത്തിമത്ത് ത്വാഹിറയുടെ ദുരൂഹമരണം

ശ്രീ. വി. ശശികുമാർ: പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിൽ ഹംസയുടെ മകൾ ഫാത്തിമത്ത് ത്വാഹിറയുടെ ദുരൂഹ മരണത്തെ സംബന്ധിച്ച് ഊർജ്ജിതമായി അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഇതുസംബന്ധിച്ച് കാര്യക്ഷമമായ അന്വേഷണം നടത്തുന്നതിനും മറ്റ് നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ സന്നദ്ധമാണ്.

(29) പുനരധിവാസ പ്രവർത്തനങ്ങൾ

ശ്രീ. ജോസ് തെറ്റയിൽ: അങ്കമാലി നിയോജകമണ്ഡലത്തിലെ തുറവൂരിൽ പരിസ്ഥിതിക്ക് അനുയോജ്യമായ സ്ഥലത്ത് കിൻഫ്രയുടെ പാർക്ക് സ്ഥാപിക്കുന്നതിനും ജനങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ബഹുമാനപ്പെട്ട അംഗവുമായി കൂടിയാലോചിച്ച് ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത തരത്തിൽ മാത്രമേ കിൻഫ്ര പാർക്ക് നടപ്പാക്കുകയുള്ളൂ.

(30) ഹ്യുമാനിറ്റീസ് പേപ്പറിലെ ചോദ്യങ്ങൾ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ടെക്നിക്കൽ ഹയർ സെക്കൻഡറി വാർഷിക പരീക്ഷയുടെ ഹ്യൂമാനിറ്റീസ് ചോദ്യപേപ്പറിൽ ഉൾപ്പെടുത്തിയിരി

ക്കുന്ന ക്രിസ്തീയ സഭകളെ അപമാനിക്കുന്ന തരത്തിലുള്ള ചോദ്യങ്ങൾ ഒഴിവാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 2003-ൽ പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഭാഗത്തെ ആസ്പദമാക്കിയാണ് ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## (31) ഇ.പി.എഫ്. പെൻഷൻ പരിഷ്കരണം

ശ്രീ. എ.എം. യുസഫ്: കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഇ.പി.എഫ്. പെൻഷൻ സ്കീം കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2000-നുശേഷം തൊഴിലാളികളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും പുതുക്കി നിശ്ചയിച്ചിട്ടില്ല. ഇത് പുതുക്കി നിശ്ചയിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര തൊഴിൽകാര്യ വകുപ്പുമന്ത്രിയെ അറിയിക്കുകയും അത് റിവ്യൂ ചെയ്യാമെന്ന് മറുപടി തരികയും ചെയ്തിട്ടുണ്ട്.

## (32) ലവൽക്രോസ്സിന്റെ പണി

ശ്രീ. കെ. കുഞ്ഞിരാമൻ: പീലിക്കോട് പഞ്ചായത്തിലെ ചന്ദേര ലെവൽ ക്രോസ് പണിയുന്നതിനുവേണ്ടി റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് 67 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ ഒന്നരക്കോടി രൂപ വേണമെന്നാണ് പറയുന്നത്. ഈ പഞ്ചായത്തിന് ഇത്രയും തുക കെട്ടി വയ്ക്കാൻ നിവൃത്തിയില്ലാത്തതിനാൽ ഗവൺമെന്റ് ബാക്കിത്തുക അടച്ച് ലെവൽ ക്രോസ് പണിയാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഒന്നരക്കോടി രൂപ ആവശ്യമുള്ളതിൽ 67 ലക്ഷം രൂപ ഡിപ്പോസിറ്റ് ചെയ്തു. ബാക്കി വരുന്ന തുക ഭരണാനുമതി ലഭിക്കുന്ന ഘട്ടത്തിൽ ലഭ്യമാക്കാമെന്ന് ധനകാര്യവകുപ്പ് രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്.

(33) മരുന്നുകളുടെ വിതരണം

ശ്രീ. കെ.സി. വേണുഗോപാൽ : എൽ.ടി.ടി.ഇ.-ക്ക് സർക്കാരാശുപത്രികളുടെ പേരിൽ മരുന്നുകളും മയക്കുമരുന്നുകളും ലഭ്യമാക്കുന്നത് തടയാനും അതിന് ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കാനും തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഭീകര സംഘടനകൾക്ക് മരുന്നും മയക്കു മരുന്നുകളും നൽകുന്നുണ്ടെന്നതിനെ സംബന്ധിച്ച അന്വേഷണം കൂടുതൽ ശക്തവും ഫലപ്രദവുമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(34) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കൽ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ട് പ്രകാരം ഏതെങ്കിലും സ്റ്റേറ്റിന് ബഞ്ച് സ്ഥാപിക്കാൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടത് പ്രസിഡന്റാണ്. ഇൻഡ്യൻ

പ്രസിഡന്റിനോട് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടാൽ പ്രസിഡന്റ് ബന്ധപ്പെട്ട സംസ്ഥാനത്തെ ഗവർണ്ണറുമായും ചീഫ് ജസ്റ്റിസുമായും കൂടിയാലോചിച്ച് ഉത്തരവിറക്കണം. അതിന് കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയമായ തീരുമാനം ആവശ്യമാണ്. സംസ്ഥാന സർക്കാർ വ്യക്തമായ പ്രൊപ്പോസൽ കൊടുത്തില്ലെന്നാണ് മുമ്പ് പറഞ്ഞിരുന്നതെങ്കിലും പ്രൊപ്പോസലിന്റെ അഭാവമല്ല കാരണമെന്നാണ് മനസ്സിലാകുന്നത്. സ്റ്റേറ്റ് റീ-ഓർഗനൈഷൻ ആക്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകാതെ ഒഴിഞ്ഞുമാറുകയാണ്. അതിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സഭ ഒന്നായി തീരുമാനിക്കേണ്ടതാണ്.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

<u>കാട്ടുതീ പടരുന്നത് തടയാൻ നടപടി</u>

കാട്ടുതീ പടരുന്നത് തടയുന്നതിന് മാർച്ച് 1 മുതൽ 17 വരെ ജാഗ്രതാ പക്ഷമായി ആചരിക്കുന്നത് സംബന്ധിച്ച് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ബിനോയ് വിശ്വം ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തുകയുണ്ടായി.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**നിയമനിർമ്മാണ കാര്യം**

<u>2009-ലെ കേരള ധനകാര്യ ബിൽ</u>.

ധനകാര്യവകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : 2009-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ധനകാര്യം**

<u>വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും</u>.

ധനകാര്യവകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u> : ഡിമാന്റ് ഓൺ ഗ്രാന്റ് ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2009-2010 സാമ്പത്തിക വർഷത്തെ ആദ്യത്തെ നാല് മാസത്തെ ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്നുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം)</u> : ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ. ജോസഫ് എം. പുതുശ്ശേരി, കെ. ബാബു എന്നീ ബഹുമാന പ്പെട്ട അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

<u>ശ്രീ. എം മുരളി</u> : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. പരോക്ഷ നികുതിയിലൂടെ ജനജീവിതം ദുസ്സഹമാക്കാൻ ഉതകുന്ന ഒരു ബഡ്ജറ്റാണിത്. ആഗോള സാമ്പത്തിക മാന്ദ്യത്തെ മറികടക്കാൻ പ്രഖ്യാപിച്ച 10000 കോടി രൂപയുടെ പാക്കേജിനകത്ത് എംപ്ലോയ്മെന്റ് ജനറേഷനുതകുന്ന പദ്ധതികൾ ഒന്നുമില്ല. 10 കോടിരൂപ പ്രവാസി ക്ഷേമനിധിയിൽ കൊടുക്കുമെന്നും ബാക്കി കെ.എഫ്.സി.ക്ക് വിട്ടുകൊടുക്കുമെന്നും പറഞ്ഞിട്ടുണ്ടെങ്കിലും അതിലും യാതൊരു ആത്മാർത്ഥയും കാണിച്ചിട്ടില്ല. ക്യാപിറ്റൽ - ലേബർ അനുപാതം എത്ര എന്നുപറയാതെ ക്യാപിറ്റൽ ഫോർമേഷൻ നടത്തും എന്നു

പറഞ്ഞിരിക്കുകയാണ്. ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയാൽ മാത്രമേ രണ്ട് രൂപയ്ക്ക് അരി കൊടുക്കാൻ കഴിയുകയുള്ളൂവെന്ന യാഥാർത്ഥ്യം കണ്ടുകൊണ്ടാണ് ആ ആനുകൂല്യം കൊടുക്കുമെന്ന പ്രഖ്യാപനം നടത്തിയിരിക്കുന്നത്. ബയോ മെട്രിക് ഐഡന്റിറ്റി കാർഡുണ്ടാക്കാതെ പെൻഷൻ വിതരണം നടത്താനുള്ള പദ്ധതിയും നടക്കാത്ത കാര്യമാണ്. തെറ്റായ സമീപനം മൂലം സഹകരണ മേഖല അവഗണിക്കപ്പെട്ടിരിക്കുകയാണ്. പ്രാദേശിക സന്തുലിതാവസ്ഥ പരിഗണിക്കാത്ത ബഡ്ജറ്റാണിത്. കർഷകർക്കും മൽസ്യത്തൊഴിലാളികൾക്കും കടം വീട്ടാൻ മാറ്റിവച്ച 10 കോടിരൂപ ചെലവഴിച്ചിട്ടില്ല. പല വൈദ്യുതി പദ്ധതികൾക്കും തുക വകയിരുത്തിയെങ്കിലും അതൊന്നും നടപ്പാക്കിയിട്ടില്ല. പ്രഖ്യാപനങ്ങളൊക്കെ പാഴ്വാക്കുകളായി മാറുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കാൻ കഴിയാത്ത വാഗ്ദാനങ്ങളും പദ്ധതികളും കൊണ്ട് ബഡ്ജറ്റ് നിറച്ചിരിക്കുകയാണ്. 1500 കോടിരൂപയുടെ മിച്ചം ലക്ഷ്യംവച്ചുകൊണ്ട് റിട്ടയർമെന്റ് രീതിയിൽ വരുത്തിയ മാറ്റം കുറെയധികം ആളുകളോട് ചെയ്യുന്ന അനീതിയാണ്. പ്രസ്തുത തുകയിൽ കുറച്ചുപണം എംപ്ലോയ്മെന്റ് ജനറേഷന് വിനിയോഗിക്കാനുള്ള അവസരമുണ്ടാക്കണം. ടൂറിസം മേഖലയിൽ സ്വകാര്യ സംരംഭകർക്ക് ടാക്സ് എക്സംപ്ഷൻ കൊടുക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കണം. ജനകീയാസൂത്രണ പദ്ധതി പരാജയമാണ്. ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ ഹൗസിംഗ് ബോർഡുപോലുള്ള ഇംപ്ളിമെന്റിംഗ് ഏജൻസിയെ ഏർപ്പെടുത്തണം.

<u>ശ്രീ. കെ. കെ. ദിവാകരൻ:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കൂടുതൽ എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യുകയെന്നതാണ്

സാമ്പത്തിക മാന്ദ്യത്തിൽനിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം. 10000 കോടിരൂപ യുടെ മാന്ദ്യ വിരുദ്ധ പാക്കേജാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസിദ്ധപ്പെടുത്തിയ മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ള 87 ശതമാനം കാര്യങ്ങളും സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. സാമ്പത്തിക പ്രതിസന്ധി എത്രകാലം നീണ്ടുനിൽക്കുമെന്ന് സാമ്പത്തിക വിദഗ്ദ്ധർക്കുപോലും പ്രവചിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കേന്ദ്ര ഗവൺമെന്റ് ക്രൈസിസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഷെയർ മാർക്കറ്റിലെ ഇടിവാ ണെങ്കിൽ യഥാർത്ഥത്തിലുള്ള ക്രൈസിസ് ഇന്ത്യയിലെ 400 ദശലക്ഷത്തോളം വരുന്ന ആളുകളുടെ പട്ടിണിയും ദാരിദ്ര്യവുമാണ്. ഈ ക്രൈസിസിനെ നേരിടാൻ കഴിയുന്ന യാതൊന്നും കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. സാമ്പത്തിക പ്രതിസന്ധി മൂലം ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞില്ലെങ്കിൽ തൊഴിലിന്റെ കാര്യത്തിൽ പ്രാദേശികവാദം ശക്തിപ്പെടും. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്ത് അടച്ചുപൂട്ടിയ പാലക്കാട് ജില്ലയിലെ ചിറ്റൂർ ഷുഗർ മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള ആരംഭംകുറിക്കുകയും അതുവഴി 109 പേർക്ക് തൊഴിൽ നൽകുകയും കരിമ്പ് കൃഷിക്കാർക്ക് മൂന്ന് കോടിരൂപ കൊടുക്കുകയും ചെയ്തു. 2006-07 മുതൽ ഇതുവരെ കെ.എസ്.ആർ.ടി. സി.ക്ക് 278.41 കോടിരൂപ ഈ ഗവൺമെന്റ് നൽകിയിട്ടുണ്ട്. ഓരോ വർഷവും 1000 ബസുകളാണ് പുറത്തിറക്കാൻ തീരുമാനമായിട്ടുള്ളത്. രണ്ട് ലക്ഷം കിലോമീറ്ററിലാണ് ഒരു വർഷം പുതിയ സർവ്വീസ് ആരംഭിക്കാൻ പോകുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 11.5 ലക്ഷം കിലോമീറ്ററായിരുന്നു ഓടിച്ചി

രുന്നതെങ്കിൽ ഇപ്പോൾ അത് 13.7 ലക്ഷം കിലോമീറ്ററായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് തറക്കല്ലിടാൻ കഴിഞ്ഞ നടപടിയും ശ്ലാഘനീയമാണ്. കെ.എസ്.ആർ.ടി.സി. ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും കടബാധ്യതകൾ ഉള്ളതു കൊണ്ട് നഷ്ടത്തിലാകുന്ന സ്ഥിതിയാണുള്ളത്. വൈദ്യുതി തെർമൽ സർചാർജും ബസ് ചാർജും കുറച്ച നടപടി അഭിനന്ദനാർഹമാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിലിന്റെ വില 79 ശതമാനം കുറഞ്ഞ പ്പോഴും കേന്ദ്ര ഗവൺമെന്റ് 13.7 ശതമാനം മാത്രമാണ് വില കുറയ്ക്കാൻ തയ്യാറായത്. ദേശവൽക്കരണത്തിന്റെ ഭാഗമായി പുതിയ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുമ്പോൾ നൂറുകണക്കിന് സ്വകാര്യ മോട്ടോർ തൊഴിലാളി കളുടെ തൊഴിൽ നഷ്ടപ്പെടുമെന്നുള്ളതുകൊണ്ട് അവരെ റീഹാബിലിറ്റേറ്റ് ചെയ്യാനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിക്കണം. ടയർ ലൈഫിന്റെ കാര്യത്തിലും കെ.എസ്.ആർ.സി.-ക്ക് വർദ്ധനവുണ്ടാക്കാൻ കഴി ഞ്ഞിട്ടുണ്ട്. ചേസിസിന്റെ വിലയിൽ 31.25 കോടി രൂപയുടെ ആദായം ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഐ.ഒ.സി. തുടങ്ങിയ സ്ഥാപനങ്ങൾക്കുള്ള കുടിശ്ശിക തീർക്കാനായി 100 കോടി രൂപ അനുവദിക്കുന്ന കാര്യത്തിൽ ഒരു കണ്ടീഷൻ വച്ചിരുന്നു. അതനുസരിച്ച് എറണാകുളത്തെ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലം കച്ചവടം നടത്തണമെങ്കിൽ റവന്യൂ വകുപ്പിൽനിന്നും പട്ടയം ലഭ്യമാക്കേണ്ടതുണ്ട്. കെ.സ്.ആർ.ടി.സി.യിലെ ഭൂമി ഇടപാടുകൾ സംബന്ധിച്ച് മേൽനോട്ടം നിർവ്വഹിക്കുന്നതിനായി എസ്റ്റേറ്റ് മാനേജരെ റവന്യൂ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കണം.

<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്ന കാര്യങ്ങളിൽ തൊണ്ണൂറ് ശതമാനവും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. സാമ്പത്തിക മാന്ദ്യത്തെ തരണം ചെയ്യാൻ സഹായിക്കുന്നതല്ല ഈ വർഷത്തെ ബഡ്ജറ്റ്. വികസന ത്തിനുവേണ്ടിയുള്ള പശ്ചാത്തല സൗകര്യങ്ങൾക്ക് സ്വീകരിച്ചിരിക്കുന്ന മാർഗ്ഗ ങ്ങൾ വിചിത്രമാണ്. മാന്ദ്യ വിരുദ്ധ പാക്കേജിന് ആവശ്യമായ തുക വകയിരു ത്തിയിട്ടില്ല. ഹൗസിംഗ് ബോർഡ് ഇന്ന് കടത്തിൽ മുങ്ങിയിരിക്കുന്ന സ്ഥാപന മായി മാറിയിരിക്കുകയാണ്. ഇ.എം.എസ്. ഭവന പദ്ധതിയും ഒരു മരീചിക യാണ്. കോഴിക്കോട് മുതൽ മഞ്ചേശ്വരം വരെയുള്ള ഉത്തര കേരള പാക്കേജ് എന്ന കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാതെയാണ് ഇത്തവണ മലബാർ പാക്കേജ് കൊണ്ടുവന്നിരിക്കുന്നത്. അതിന് 1500 കോടി രൂപ പറഞ്ഞിട്ടുണ്ടെങ്കിലും തുക വകയിരുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയ തുകയിൽ കെ.എസ്.ടി.പി.ക്കുള്ള തുക കഴിച്ചാൽ ബാക്കി വരുന്നത് മറ്റു വർക്കുകൾക്ക് തികയില്ല. സ്വകാര്യ സംരംഭകരുടെ ബഡ്ജറ്റാണിത്. കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭിക്കുകയാണെങ്കിൽ റവന്യൂ കമ്മി സീറോ ആക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളായ ജെ.എൻ.എൻ.ആർ.യു.എം. പദ്ധതി, ദേശീയ തൊഴിലുറപ്പ് പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവയിൽ കേരളത്തിന്റെ പ്രവർത്തനം ശരിയായ ദിശയിലാക്കാൻ നടപടികൾ സ്വീകരിക്കണം. വിദ്യാഭ്യാസ-സാമൂഹ്യ രംഗത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കാൻ സംസ്ഥാനം തയ്യാറാകുന്നില്ല. സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടലിനെ തുടർന്ന് ന്യൂനപക്ഷ സ്കോളർഷിപ്പ് തുക 4500 രൂപയിൽ നിന്ന് 1000

രൂപയായി കുറഞ്ഞു. മലപ്പുറത്ത് അലിഗഢ് സർവ്വകലാശാല ക്യാമ്പസ് യാഥാർത്ഥ്യമാക്കണം.

ശ്രീ. രാജാജി മാത്യൂ തോമസ്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സൂപ്പർ മാർക്കറ്റ്, മാവേലി സ്റ്റോർ എന്നിവയിലൂടെ മാർക്കറ്റ് റേറ്റിനെക്കാളും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ നൽകാൻ ഈ സർക്കാരിന് സാധിച്ചു. വിലക്കയറ്റത്തിന്റേയും തൊഴിലില്ലായ്മയുടേയും സാമ്പത്തിക ക്ളേശത്തിന്റെ പിടിയിൽ അമർന്നു പോകാതെ ജനങ്ങളെ രക്ഷിച്ചു. ജനജീവിതത്തെ സഹായിക്കുന്ന ആശ്വാസ കേന്ദ്രങ്ങളാക്കി മാവേലി സ്റ്റോറുകളെ മാറ്റാൻ കഴിഞ്ഞു. റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കി. 5,000 കോടിരൂപയുടെ മൂലധനനിക്ഷേപം പ്രഖ്യാപിച്ചതിൽ അഭിമാനമുണ്ട്. വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം ഇന്ന് കടന്നുപോകുന്നത്. ആഗോള സാമ്പത്തിക മാന്ദ്യം തുടരുകയാണെങ്കിൽ ലോകത്താകെ 5 കോടി ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയെയായിരിക്കും ഇത് കൂടുതൽ ബാധിക്കുന്നത്. അത്യധികം ഭാവനാപൂർണ്ണമായ പദ്ധതികളാണ് ഈ സർക്കാർ ബഡ്ജറ്റിലൂടെ ആവിഷ്ക്കരിച്ചിട്ടുള്ളത്. സാമ്പത്തിക മാന്ദ്യംമൂലം അമേരിക്കൻ ബാങ്കുകൾ തകരുമ്പോൾ അതിന്റെ പ്രത്യാഘാതം ഇന്ത്യയിലുമുണ്ടാകും. ഇതിനെ പ്രതിരോധിക്കണമെങ്കിൽ പുതിയ കാഴ്ചപ്പാടോടുകൂടി സാമ്പത്തിക മേഖലയെ സമീപിക്കണം. കാർഷികരംഗം ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. ലോകജനസംഖ്യയുടെ 2.2 ബില്യൻ ജനങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ്. അവർക്ക് ആവശ്യമായ ഭക്ഷണം കൂടി കണ്ടെത്തേണ്ടിയിരിക്കുന്നു. സംസ്ഥാനത്ത് കാർഷികോന്മുഖമായ സമൂഹത്തെ

സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കർഷകരെ ആധുനിക കൃഷിരീതിയിലേയ്ക്ക് കൊണ്ടുവരുന്നതിൽ നിർണ്ണായകപങ്ക് വഹിക്കുന്ന കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിക്ക് 30 ശതമാനം ഗ്രാന്റ് വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. 109 കോടിരൂപയുടെ കടബാധ്യതകൾകൂടി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. സർവ്വകലാശാലയ്ക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കുന്നതോടൊപ്പം ഉദ്യോഗസ്ഥർ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും വേണം.

ശ്രീ. സി.എഫ്. തോമസ്: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. സാധാരണജനങ്ങളെ ബാധിക്കുന്ന വിലക്കയറ്റത്തെ നേരിടാൻ ഈ സർക്കാർ ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രബുദ്ധരായ കേരളജനത ഈ സർക്കാരിനെ വിലയിരുത്താൻ പോവുകയാണ്. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾക്ക് ആവശ്യമായ തുക ഇനി കണ്ടെത്തേണ്ടിയിരിക്കുന്നു. സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിന്റെ ശുപാർശ പ്രകാരം സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഒന്നും ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയ്ക്ക് ബഡ്ജറ്റിൽ അർഹമായ പരിഗണന കൊടുത്തിട്ടില്ല. ഭരണയന്ത്രത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കണമെന്ന സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ശുപാർശ നടപ്പാക്കുന്നതിന് ഫലപ്രദമായ നടപടികൾ പറയുന്നില്ല. പ്രാദേശിക മേഖലയിലായാലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യത്തിലായാലും ലക്ഷ്യമിട്ടിരിക്കുന്ന തുകയേക്കാൾ ഇരട്ടി മുടക്കിയാലും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുകയാണ്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഭരണപക്ഷ പ്രതിപക്ഷ കക്ഷിയിലെ സംഘടനകളെ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് ഗവൺമെന്റ് ഓഫീസുകളിലെ

കാലതാമസം, വർക്കുകൾ ടെണ്ടർ വിളിക്കുന്നതിനുണ്ടാകുന്ന കാലതാമസം മുതലായവ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഉള്ള പണം ഉപയോഗിച്ച് മാന്ദ്യ കാലഘട്ടത്തിൽ കാര്യക്ഷമമായി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാനുള്ള ഫലപ്രദമായ ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ ഇല്ല. ഇലക്ഷൻ മുന്നിൽ കണ്ടുകൊണ്ട് വാഗ്ദാനങ്ങൾ മാത്രം നൽകുന്ന ഒരു ബഡ്ജറ്റാണിത്. വർഷാരംഭത്തിൽത്തന്നെ ചെലവ് വരത്തക്കവിധത്തിൽ കാര്യങ്ങൾ ആവിഷ്ക്കരിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിലും ഒരു നടപടിയും എടുത്തിട്ടില്ല. ഇനിയെങ്കിലും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ആഗ്ലോ ഇൻഡ്യൻ കൾച്ചറൽ സെന്ററിന് പത്ത് ലക്ഷം രൂപ അനുവദിച്ച എൽ.ഡി.എഫ്. സർക്കാരിനെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്ത് യാഥാർത്ഥ്യബോധമുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ സാധാരണക്കാരായ ജനങ്ങളെ പുറത്താക്കുന്ന ഒരു ബഡ്ജറ്റാണ് കേന്ദ്രഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ളത്. ഒരുവശത്ത് പാവപ്പെട്ടവരേയും മറുവശത്ത് ശതകോടീശ്വരൻമാരേയുമാണ് ഇൻഡ്യയിൽ അഞ്ച് വർഷം കൊണ്ട് കോൺഗ്രസ് ഗവൺമെന്റ് സൃഷ്ടിച്ചിട്ടുള്ളത്. ലോകത്തെ പത്ത് കോടീശ്വൻമാരിൽ നാലുപേർ ഇൻഡ്യക്കാരാണ്. കോൺഗ്രസ്സ് തകർച്ചയി ലേയ്ക്ക് പോകുന്ന ഒരു ഇലക്ഷനാണ് വരാൻ പോകുന്നത്. കെ.എം.എൽ.ന്റെ ആന്വൽ റിപ്പോർട്ട് പരിശോധിച്ചാൽ അതിൽ അഴിമതി കാണാൻ കഴിയും. 2001-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കെ.എം.എം.എൽ.-ൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തണം. സംസ്ഥാന

ത്തിന്റെ മൊത്തം വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. രാജ്യത്തെ സാമ്പത്തിക മാന്ദ്യം തരണം ചെയ്യാൻ സംസ്ഥാനങ്ങൾ പരിഹാരമാർഗ്ഗങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് 10,000 കോടിരൂപയുടെ പാക്കേജ് പ്രഖ്യാപിച്ചത്. കെ.എഫ്.സി.ക്കും സഹകരണ മേഖലയിലെ സഹകരണ ബാങ്കുകൾക്കുപോലും സാമ്പത്തിക മാന്ദ്യത്തിൽ ഇടപെട്ട് പ്രവർത്തിക്കുന്നതിന് ആവശ്യമായ ബഡ്ജറ്ററി സപ്പോർട്ട് നൽകണം. പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ ഇ-ടെണ്ടർ സംവിധാനം വഴിയൊരുക്കും. ഈ മേഖലയിൽ അഴിമതി ഇല്ലാതാക്കാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചത് ശ്ലാഘനീയമാണ്. പി.ഡബ്ലിയു.ഡി. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർത്തു. സാധാരണ ജനങ്ങളിൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി. പി.ഡബ്ലിയു.ഡി., ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളിൽ ആയിരം കോടി രൂപയുടെ പ്രവൃത്തി നടക്കുമ്പോൾ 400 കോടിരൂപ ഖജനാവിന് മിച്ചമുണ്ടാക്കുന്ന വിധത്തിലുള്ള നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ചില മേഖലകളിലെങ്കിലും ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കണം. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തൊഴിലുറപ്പ് പദ്ധതിയിലെ ദിവസവേതനം 200 രൂപയാക്കി വർദ്ധിപ്പിക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പല പദ്ധതികളും ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റു പെൻഷനുകളൊന്നും ലഭിക്കാത്ത 65 വയസ്സു കഴിഞ്ഞവർക്ക് 100 രൂപ അലവൻസ് അനുവദിച്ചു. സമ്പദ്ഘടനയുടെ ചലനാത്മകതയെ സജീവമാക്കുന്ന ഒരു ബഡ്ജറ്റാണിത്. 10,000 കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജ്, പാലങ്ങൾ, കെട്ടിടങ്ങൾ, റോഡുകൾ ഉൾപ്പെടെയുള്ള മലബാർ പാക്കേജ് എന്നിവ പ്രഖ്യാപിച്ചു. 1957-നുശേഷം മലബാറിന് പരിഗണന നൽകിയ ഒരു ബഡ്ജറ്റാണിത്. ഫിഷിംഗ് ഹാർബർ, സ്ക്കൂളുകൾ, ആശുപത്രി തുടങ്ങി തീരദേശ പദ്ധതികൾ ഉൾപ്പെടെ മൽസ്യമേഖലയിലെ തൊഴിലാളികൾക്കായി വികസന പദ്ധതികൾ പ്രഖ്യാപിച്ചു. മൽസ്യത്തൊഴിലാളി കടാശ്വാസ നിയമം പ്രാവർത്തികമാക്കി. കയർ, കശുവണ്ടി, കൈത്തറി, ബീഡി മേഖലയിൽ ആശ്വാസകരമായ പദ്ധതികൾ പ്രഖ്യാപിച്ചു. പൊതുമേഖലാ സംരംഭങ്ങളുടെ ഉന്നമനത്തിനായി സംരംഭക നിധിയും ടൂറിസം മേഖലയിൽ ഭാവനാപൂർണ്ണമായ പദ്ധതികളും പ്രഖ്യാപിച്ചു. പ്രവാസി മലയാളികൾക്കുവേണ്ടി 100 കോടിരൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ സാഹചര്യമൊരുക്കിക്കൊണ്ട് വഖഫ് ബോർഡിന് 50 ലക്ഷംരൂപ നീക്കിവച്ചു. രാജ്യത്തെ പുരോഗതിയിലേയ്ക്ക് നയിക്കാൻ സംസ്ഥാന ഗവൺമെന്റ് ഇത്രയൊക്കെ ചെയ്തിട്ടും കേന്ദ്ര ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിച്ചില്ല.

ശ്രീ. പി. സി. ജോർജ് : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. നെൽവയൽസംരക്ഷണ നിയമം പാസ്സാക്കിയ സർക്കാർ ഇപ്പോൾ വ്യവസായ ആവശ്യത്തിനുവേണ്ടി ഏക്കർ കണക്കിന് വയൽ നികത്തുകയാണ്. കാക്കനാട് തൃക്കാക്കര പഞ്ചായത്തിലുള്ള 22 ഏക്കറോളം സ്ഥലവും സ്മാർട്ട് സിറ്റിക്ക് സമീപം വീഗാലന്റിനടുത്തുള്ള 36 ഏക്കർ സ്ഥലവും ആരുടേതാണെന്നും ഹവാല പണം എവിടെനിന്നും വരുന്നുവെന്നതും അന്വേഷിക്കണം. പ്രമുഖ സിനിമാനടനുൾപ്പെടെയുള്ള രാഷ്ട്രീയ നേതാക്കൾ ഭൂമി വാങ്ങിക്കൂട്ടുന്നതിനെക്കുറിച്ച് അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. നിലവിലുള്ള സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ ആരോഗ്യപ്രദമായ, ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ കേരളത്തെപ്പോലുള്ള സംസ്ഥാനത്ത് ഇതിലും മെച്ചപ്പെട്ട ജനോപകാരപ്രദമായ ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയില്ല. പുതിയ വഴികൾ തേടിക്കൊണ്ടാണ് 600 കോടി രൂപയുടെ അധികവിഭവസമാഹരണത്തിന് തുടക്കം കുറിച്ചിരിക്കുന്നത്. 28153 കോടിരൂപ വരവും 31161 കോടിരൂപ ചെലവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റിൽ പ്രമുഖമായ സ്ഥാനം നൽകിയിട്ടുള്ളത് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കാണ്. കേന്ദ്ര സർക്കാർ ഉത്തേജക പാക്കേജുകളിൽ സംസ്ഥാന സർക്കാരിനെ അവഗണിക്കുന്ന നിലപാട് അവസാനിപ്പിച്ചില്ലെങ്കിൽ പ്രാദേശികമായ അസന്തുലിതാവസ്ഥ വർദ്ധിക്കും. സംസ്ഥാനത്തിനുള്ള

കേന്ദ്ര സഹായം വർദ്ധിപ്പിക്കണം. സംസ്ഥാനത്തെ പൊതുക്കടം 5720 കോടി രൂപയിൽനിന്ന് 5485 കോടി രൂപയായി കുറഞ്ഞു. സാമ്പത്തിക മാന്ദ്യ ത്തെത്തുടർന്ന് ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുന്ന 5 ലക്ഷത്തോളം ഗൾഫ് മലയാളികളുടെ പുനരധിവാസം സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക മേഖലയിൽ പ്രത്യാഘാതം ഉണ്ടാക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് പ്രവാസി കളുടെ പുനരധിവാസത്തിന് ഗുണകരവും ക്രിയാത്മകവുമായ ഒരു നിലപാടും സ്വീകരിച്ചില്ല എന്നത് ഖേദകരമാണ്. സംസ്ഥാന ഗവൺമെന്റ് പ്രവാസികൾക്കായി ക്ഷേമനിധി രൂപീകരിച്ചു. പതിമൂന്നാം ധനകാര്യ കമ്മീഷന് കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള വസ്തുതാ പരമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും 32000 കോടിരൂപയുടെ ഗ്രാന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കടലാക്രമണത്തെ ദേശീയദുരന്തമായി പ്രഖ്യാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കടലാക്രമണത്തെ പ്രതിരോധിക്കാൻ ശാസ്ത്രീയ സമീപനം സ്വീകരിക്കണം. സംസ്ഥാനങ്ങൾക്ക് കേന്ദ്രം നൽകുന്ന നികുതിവിഹിതം 30.5 ശതമാനത്തിൽനിന്നും 50 ശതമാനമായി വർദ്ധിപ്പിക്കുകയും ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി രണ്ട് കോടി രൂപ ഗ്രാന്റ് അനുവദിക്കുകയും സംസ്ഥാനത്തിനുള്ള വിഹിതം നിശ്ചയിക്കു മ്പോൾ ജനസംഖ്യ മുഖ്യമാനദണ്ഡമായി അംഗീകരിക്കുകയും ചെയ്യണം. അധികാരവികേന്ദ്രീകരണം സാർത്ഥകമാക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ സബ്സിഡി, പലിശ സബ്സിഡി, ഗ്രാന്റുകൾ തുടങ്ങിയ അധികച്ചെലവുകൾ നിർവ്വഹി ക്കാൻ അധിക വരുമാനം സൃഷ്ടിക്കാനുള്ള നടപടികളാണ് സംസ്ഥാന

ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ സാമ്പത്തികമാന്ദ്യം സൃഷ്ടിക്കുന്ന പ്രയാസങ്ങളെ അതിജീവിക്കാൻ ശാസ്ത്രീയവും പ്രായോഗികവുമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നു എന്നത് സ്വാഗതാർഹമാണ്. ഈ ബഡ്ജറ്റിൽ ജനങ്ങൾക്ക് ഗുണകരമായ നിരവധി ക്ഷേമപദ്ധതികളുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് രണ്ട് രൂപയ്ക്ക് അരി നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും ടൂറിസം മേഖലയുടെ പുരോഗതി അടിസ്ഥാനഘടകമായി മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മുഴപ്പിലങ്ങാട് ബീച്ചും അതിനോടനുബന്ധമായുള്ള 27 കേന്ദ്രങ്ങളുടെയും സമഗ്ര പുരോഗതിക്ക് നടപടി സ്വീകരിച്ചത് ശ്രദ്ധേയമാണ്. 1500 കോടി രൂപയുടെ മലബാർ പാക്കേജ് പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. കേരളത്തിന്റെ സാർവ്വത്രികമായ പുരോഗതി ഉറപ്പ് വരുത്തുന്നതിനുതകുന്ന നിലപാടുകൾ സ്വീകരിച്ചിട്ടുള്ള ബഡ്ജറ്റാണിത്.

<u>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി</u> : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. മുസ്ലീം ജനസമൂഹം മുമ്പൊന്നുമില്ലാത്ത രീതിയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനത്തിലേയ്ക്ക് വരുന്നത് യാദൃശ്ചികമല്ല. മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാർക്ക് ശമ്പള വർദ്ധനവ് അനുവദിക്കുകയും വഖഫ് ബോർഡുകളുടെ പ്രവർത്തനത്തിന് ഒരു കോടിരൂപ അനുവദിക്കുകയും മുസ്ലീം പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സ്റ്റൈപ്പെന്റും സ്കോളർഷിപ്പും ഏർപ്പെടുത്തുകയും ചെയ്തത് സ്വാഗതാർഹമാണ്.

<u>ശ്രീ. പി.ടി.എ. റഹീം</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് കേന്ദ്ര സർക്കാർ വച്ചിട്ടുള്ള മാനദണ്ഡം 50 ശതമാനം മാർക്കും വരുമാന പരിധി ഒരു ലക്ഷം രൂപയുമാണ്. കേരളത്തിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അപേക്ഷിക്കാൻ പാകത്തിലുള്ള വ്യവസ്ഥ യാണ് കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് നടപ്പാക്കുമ്പോൾ ഇവിടത്തെ കുട്ടികൾ പാഠപുസ്തകത്തിനും ഉച്ചഭക്ഷണത്തിനും തുക യൊന്നും അടയ്ക്കേണ്ടിവരുന്നില്ല. ട്യൂഷൻ ഫീസിനത്തിൽ അടയ്ക്കുന്ന 11.50 പൈസയാണ് കേരളത്തിലെ കുട്ടികൾക്ക് ലഭിക്കാൻ അർഹതയുള്ളത്. ആയിരം രൂപ വീതം എല്ലാ കുട്ടികൾക്കും സഹായം നൽകുന്ന പുതിയ സ്കീം കൊണ്ടുവന്നതിനെ പ്രതിപക്ഷം വിമർശിക്കുന്നത് ശരിയല്ല. അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി കേന്ദ്രഗവൺമെന്റിന്റെ ആക്ട് അനുസ രിച്ച് ഉണ്ടാക്കിയിട്ടുള്ള ഒരു കാമ്പസ് യൂണിവേഴ്സിറ്റിയാണ്. അതിന്റെ ബ്രാഞ്ച് തുടങ്ങണമെങ്കിൽ സ്റ്റാറ്റ്യൂട്ടിൽ ആവശ്യമായ ഭേദഗതി വരുത്തണം. മലബാർ ജില്ലയിൽ ഈ ഗവൺമെന്റ് മുൻകൈയെടുത്ത് അലിഗഢ് യൂണിവേ ഴ്സിറ്റി കാമ്പസ് കൊണ്ടുവരും. 7 സംസ്ഥാനങ്ങളിൽ മദ്രസ്സാ ബോർഡുകളുണ്ട്. ആ മദ്രസ്സാ ബോർഡുകൾ നടത്തുന്ന പരീക്ഷയ്ക്കാണ് സി.ബി.എസ്.ഇ. അംഗീകാരം കേന്ദ്ര ഗവൺമെന്റ് കൊടുത്തത്.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. കേന്ദ്ര ബഡ്ജറ്റിൽ ആഗോള സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാനുള്ള നിർദ്ദേശങ്ങളൊന്നുമില്ല. ധനക്കമ്മിയും റവന്യൂ കമ്മിയും കുറയ്ക്കുന്നതിന് സംസ്ഥാനങ്ങൾക്ക് കർശന നിർദ്ദേശം നൽകിക്കൊണ്ടിരുന്ന കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ചെറിയ തോതിൽ ധനകമ്മി ആകാമെന്ന നിലപാടാണ്

സ്വീകരിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നകാലം മുതൽ ഓരോ ബഡ്ജറ്റിലും സ്വീകരിച്ച സമീപനത്തിന്റെ സ്ഥായീഭാവം ഇപ്പോഴും തുടരുകയാണ്. സംസ്ഥാന ബഡ്ജറ്റ് നിർദ്ദേശങ്ങളെ സംബന്ധിച്ച് വസ്തുത കളെ അടിസ്ഥാനപ്പെടുത്തി വിമർശനം ഉന്നയിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. തൊഴിലവസരങ്ങൾ സൃഷ്ടിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമായ പദ്ധതികൾ ഈ ബഡ്ജറ്റിലുണ്ട്. ഐ.ടി.പാർക്കുകൾക്കും വ്യവസായ പാർക്കുകൾക്കും ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി വിദേശങ്ങളിൽ ജോലി ചെയ്തിരുന്ന ഇൻഡ്യാക്കാരായ ഐ.ടി. പ്രൊഫഷണലുകൾ തിരിച്ചുവരാൻ പോകുകയാണ്. സംസ്ഥാനത്ത് പബ്ലിക് സെക്ടറിലുൾപ്പെടെ സോഫ്റ്റ്‌വെയർ ഇൻഡസ്ട്രി ആരംഭിച്ച് ഇവരുടെ സേവനം പ്രയോജനപ്പെടു ത്തണം. കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു നടപടിയുമെടുത്തിട്ടില്ല. റോഡുകളുടേയും പാലങ്ങളുടേയും വികസനത്തിനായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്ലാഘനീയമാണ്. 1500 കോടിരൂപയുടെ മലബാർ പാക്കേജ് പ്രഖ്യാപിച്ചതിലൂടെ ഈ മേഖലയിൽ കൂടുതൽ തൊഴില വസരങ്ങൾ സൃഷ്ടിക്കാനും ഉല്പാദന വർദ്ധനവുണ്ടാക്കാനും കഴിയും. ഇതെല്ലാം കണ്ടുകൊണ്ടാണ് നാടിന്റെ അഭിവൃദ്ധി വർദ്ധിപ്പിക്കാനുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഊന്നൽ കൊടുക്കുന്നത്. മാന്ദ്യകാല പാക്കേജും മലബാർ പാക്കേജും വേഗത്തിൽ നടപ്പാക്കുന്നതിൽ ബ്യൂറോക്രസിയുടെ ഭാഗത്തു നിന്നുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. ഇറിഗേഷൻ, പി.ഡബ്ല്യു.ഡി. വർക്കുകൾ സമയബന്ധിതമായി നടപ്പാക്കുന്നു വെന്ന് ഉറപ്പുവരുത്തണം. വിവിധ പദ്ധതികൾക്കായുള്ള ലാൻഡ് അക്വിസി ഷൻ നടപടികൾ ത്വരിതപ്പെടുത്തണം. റീ-സർവ്വെ സമയബന്ധിതമായി

പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചത് ഈ സർക്കാരാണ്. ലാൻഡ് അക്വിസിഷന്റെ കാര്യത്തിൽ താല്ക്കാലിക പരിഹാരമെന്ന നിലയിൽ സർവ്വെ ആന്റ് ലാൻഡ് റെക്കോർഡ്സ് വകുപ്പിൽ സർവ്വേയർമാരുടേയും ഡ്രാഫ്റ്റ്സ് മാൻമാരുടേയും ഇന്റഗ്രേഷൻ നടപ്പാക്കണം. വിവിധ സ്കീമുകൾക്കുള്ള ടി.എസ്/എ.എസ് എന്നിവ നൽകുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കണം.

<u>ശ്രീ. കെ. രാജു:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ ക്ഷേമപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പാവപ്പെട്ട വർക്ക് കിലോയ്ക്ക് 2 രൂപ നിരക്കിൽ അരി നൽകാനുള്ള തീരുമാനമാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ 25,000 രൂപ വരെയുള്ള വായ്പകൾ എഴുതി ത്തള്ളാനും എല്ലാ ക്ഷേമപെൻഷനുകളും 250 രൂപയാക്കി വർദ്ധിപ്പിക്കാനു മുള്ള തീരുമാനം സ്വാഗതാർഹമാണ്. വരാൻപോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ ഭരണം വിലയിരു ത്തുമ്പോൾ ഇടതുപക്ഷ മുന്നണിക്ക് ഭയക്കേണ്ട കാര്യമില്ല; കാരണം, ജനോപ കാരപ്രദമായ നടപടികളാണ് കഴിഞ്ഞ മൂന്നുവർഷക്കാലവും ഈ സർക്കാർ ചെയ്തിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയങ്ങളേയും വിദേശ നയങ്ങളേയുമാണ് ഇടതുപക്ഷം എതിർക്കുന്നത്. ഒരു ഫെഡറൽ രാജ്യമായ ഇൻഡ്യയിൽ വർഗ്ഗീയ കക്ഷികൾ ഭരണത്തിൽ വരാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് കേന്ദ്രത്തിലെ യു.പി.എ. ഗവൺമെന്റിന് ഇടതുപക്ഷം പിന്തുണ നൽകിയത്. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങൾമൂലം ജനങ്ങളിൽനിന്നും ഒറ്റപ്പെട്ടുപോയ പാർട്ടിയായി കോൺഗ്രസ്സ് മാറി. തൊഴിലുറപ്പ് പദ്ധതിയും വനാവകാശ സംരക്ഷണ നിയമവും ഈ സർക്കാർ നടപ്പാക്കിയതിലൂടെ ലക്ഷക്കണക്കായ ദരിദ്ര ജനവിഭാഗങ്ങൾക്ക്

പ്രയോജനമുണ്ടായി. സ്ത്രീകൾക്ക് നിയമസഭയിലും പാർലമെന്റിലും സംവരണം ലഭ്യമാക്കുമെന്ന വാഗ്ദാനം നടപ്പിലാക്കാൻ യു.പി.എ. സർക്കാരിന് കഴിഞ്ഞിട്ടില്ല. പരമ്പരാഗത മേഖലയ്ക്ക് പരമാവധി പ്രയോജനം കിട്ടണമെന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് കാഷ്യു ബോർഡ് രൂപീകരിക്കാൻ തീരുമാനമെടുത്തുവെങ്കിലും ഇപ്പോഴും അത് പ്രാവർത്തികമായിട്ടില്ല. ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനായി നടത്തിവരുന്ന സമരങ്ങളോട് കേന്ദ്രമന്ത്രിമാരടക്കമുള്ളവർ സ്വീകരിച്ച സമീപനത്തിന് ജനങ്ങളോട് സമാധാനം പറയേണ്ടിവരും.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുന്നു. കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റിൽനിന്നും വ്യത്യസ്തമായ നയങ്ങൾ പ്രതിഫലിക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. രാജ്യത്തിന്റെ വിഭവങ്ങൾ അർഹതപ്പെട്ടവർക്ക് നീതിപൂർവ്വം വിതരണം ചെയ്യുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി വർദ്ധിപ്പിക്കാതെ വരുമാനം കൂട്ടിയാണ് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി പണം കണ്ടെത്തിയത്. വിവിധ ക്ഷേമ പെൻഷൻ നിരക്കുകൾ വർദ്ധിപ്പിച്ചതുകൂടാതെ ഓരോ മണ്ഡലത്തിലും 15 കോടിരൂപ ചെലവിടുന്ന വികസന പ്രവർത്തനങ്ങൾ ഒന്നൊന്നായി എല്ലാ സമയവും നടന്നുകൊണ്ടിരിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുമെന്ന് പ്രഖ്യാപിച്ച യു.ഡി.എഫ് സർക്കാരിന്റെ നയങ്ങളിൽ നിന്ന് വ്യത്യസ്തമായി അവയെല്ലാം പുനരുദ്ധരിച്ച് ലാഭത്തിലെത്തിക്കാൻ ഈ സർക്കാരിന് സാധിച്ചു. സാമ്പത്തിക മാന്ദ്യത്തിന്റെ ഭവിഷ്യത്തുകൾ അനുഭവിച്ച് തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസി മലയാളികൾക്കായി പത്തുകോടിരൂപ

ബഡ്ജറ്റിൽ വകയിരുത്തിയതിനെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഓണക്കാലത്ത് ഒരുലക്ഷം ആദിവാസികൾക്ക് 12 കിലോ അരി വീതം സൗജന്യമായി കൊടുക്കാൻ ഈ സർക്കാരിന് സാധിച്ചു. ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കാനും അവരെ പുനരധിവസിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു. കോൺഗ്രസ്സിന്റെ ഭരണത്തിൻകീഴിൽ ഇൻഡ്യയിലെ ഒരു ജനവിഭാഗവും സുരക്ഷിതരല്ല. ദേശീയ തലത്തിൽ പരിശോധിച്ചാൽ നിത്യോപയോഗ വസ്തുക്കളുടെ വിലവർദ്ധന നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. പ്രതിപക്ഷത്തെ ദുർബലപ്പെടുത്തുന്ന വിധത്തിലുള്ള ആന്റി കോൺഗ്രസ്സ് നിലപാടാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സ്വീകരിച്ചുപോരുന്നത്. ഉദ്യോഗസ്ഥരെ പോലും വരുതിക്ക് നിറുത്താൻ കഴിയാത്ത അസാധു സർക്കാരാണിത്. പാർലമെന്റ് ഇലക്ഷൻ കഴിയുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭൂരിപക്ഷം നഷ്ടപ്പെട്ടാൽ പുതിയൊരു ജനവിധി തേടാൻ സന്നദ്ധമാണോയെന്ന് വ്യക്തമാക്കണം. 33 മാസക്കാലത്തെ ഭരണംകൊണ്ട് അത്രയും തന്നെ വിവാദങ്ങളിലും അകപ്പെട്ട ഗവൺമെന്റാണ് സംസ്ഥാനത്ത് ഭരണം നടത്തുന്നത്. യഥാർത്ഥത്തിലുള്ള ഭരണ നിർവ്വഹണം നടക്കുന്നില്ല. ഉദ്യോഗസ്ഥരിൽ പലരും കേന്ദ്ര സർവ്വീസിലേയ്ക്ക് പോകുന്നു. കേരള ജനതയുടെ വികസന സ്വപ്നങ്ങൾ തകർത്തുകൊണ്ടിരിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന ബഡ്ജറ്റിൽ സ്മാർട്ട് സിറ്റിയെക്കുറിച്ച് ഒരു പരാമർശംപോലും നടത്താൻ തയ്യാറായില്ലെന്നുള്ളത് അപമാനകരമാണ്. ഗവൺമെന്റിന്റെ ഭരണത്തെക്കുറിച്ച് ഇലക്ഷൻ ക്യാമ്പയിനിൽ വിലയിരുത്തപ്പെടാൻ രൂപത്തിൽ യാതൊന്നുമില്ലാത്ത അവസ്ഥയിലെത്തിച്ചേർന്നിരിക്കുന്നു. ലോകമെമ്പാടും മലയാളികൾ

അത്യുന്നതങ്ങളിൽ എത്തിച്ചേരുമ്പോൾ സംസ്ഥാന ഭരണം ജനങ്ങളെ ചവിട്ടിത്താഴ്ത്തിക്കൊണ്ടിരിക്കുന്നു. പെൺവാണിഭം, പിടിച്ചുപറി, ക്രിമിനൽ കുറ്റകൃത്യങ്ങൾ തുടങ്ങിയവ നടത്തുന്നവർ പോലീസുകാരെ നോക്കുകുത്തികളാക്കി നിറുത്തികൊണ്ട് അഴിഞ്ഞാട്ടം നടത്തുന്നു. മരവും മണ്ണും വിറ്റ് കാശുണ്ടാക്കാമെന്ന പ്രഖ്യാപനം ബഡ്ജറ്റിലൂടെ നടത്തിയിരിക്കുന്നത് അത്യന്തം അപലപനീയമാണ്. നിലം നികത്തിയ നടപടി റെഗുലറൈസ് ചെയ്യുന്നതുവഴി റിയൽ എസ്റ്റേറ്റ് മാഫിയകൾക്ക് സഹായകരമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. കൊലപാതകം, പിടിച്ചുപറി, ടോട്ടൽ പണം തട്ടിപ്പ് തുടങ്ങിയ കേസ്സുകളെല്ലാം സർക്കാർ ലീഗലൈസ് ചെയ്യുന്നു. ജനജീവിതം ദുസ്സഹമാക്കുന്ന ഭരണത്തിനെതിരായി ജനങ്ങൾ വിധിയെഴുതുക തന്നെ ചെയ്യും.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): അവശവിഭാഗങ്ങളിൽപ്പെടുന്ന ഏതാണ്ട് 35 ലക്ഷത്തോളം വരുന്ന ജനവിഭാഗങ്ങളിലേയ്ക്ക് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഒരു ആശ്വാസമായി എത്തുകയാണ്. രണ്ട് രൂപയ്ക്ക് അരി മാത്രമല്ല ഗോതമ്പും നൽകുന്നതാണ്. ഈ ബഡ്ജറ്റിലൂടെ പാവപ്പെട്ടവർക്ക് വേണ്ടിയുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ മാത്രമല്ല വികസനത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാടും മുന്നോട്ട് വയ്ക്കുന്നു. പതിനായിരം കോടിരൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജ് ഉപയോഗപ്പെടുത്തിക്കൊണ്ട് 20,000 കോടിരൂപയുടെയെങ്കിലും സ്വകാര്യ നിക്ഷേപം ലിവറേജ് ചെയ്യാൻ ശ്രമിക്കുന്നതാണ്. സംസ്ഥാന സർക്കാർ നേരിട്ട് ഭരണാനുമതി നൽകാൻ പോകുന്ന ഏതാണ്ട് 5000 കോടിരൂപയുടെ പ്രവൃത്തികളിൽ 2500 കോടിരൂപ ഈ വർഷത്തെ വർക്കുകൾക്ക് നൽകും. ഇ.എം.എസ് പാർപ്പിട

പദ്ധതിയിൽ 2500 കോടിരൂപ മാത്രമേ വകയിരുത്തുന്നുള്ളൂ. ഈ ഗവൺമെന്റിൽ 35000 കോടി രൂപയുടെ വിവിധ പ്രൊപ്പോസലുകൾ ഉണ്ട്. അവ യാഥാർത്ഥ്യമാക്കുന്നതിന് വിവിധങ്ങളായ തടസ്സങ്ങളുണ്ടെങ്കിലും അവ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിൽ ഭൂമിയുടെ വില കുതിച്ചുയരുന്നത് ഊഹകച്ചവടത്തിന് വഴിയൊരുക്കുന്നു. വ്യവസായ ആവശ്യത്തിന് ഭൂമി നൽകുമ്പോൾ ഭൂപരിധി നിയമത്തിൽ അയവ് നൽകേണ്ടി വരുമെന്നതിനാൽ ഉൽപാദനപരമായ ആവശ്യങ്ങൾക്ക് എത്ര ശതമാനം ഭൂമി വിനിയോഗിക്കണമെന്നും ജലസ്രോതസ്സുകൾ എങ്ങനെ സംരക്ഷിക്കപ്പെടണമെന്നും മറ്റും കണക്കാക്കി ഉപാധികളോടെ നൽകാൻ സർക്കാർ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു രൂപ നിക്ഷേ പിച്ചാൽ നാല് രൂപ വരുമാനം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത കണക്ക് പ്രകാരം അടുത്ത വർഷം 10,000 കോടിരൂപയുടെ നിക്ഷേപം സ്വീകരിച്ചാൽ സംസ്ഥാനത്ത് 40,000 കോടിരൂപയുടെ അധിക വരുമാനം സൃഷ്ടിക്കപ്പെടും അതുവഴി വരുമാന വളർച്ച 1.2 ശതമാനം കൂടുതൽ ആകും. 2009-10 സാമ്പത്തിക വർഷത്തിലും സാമ്പത്തിക മാന്ദ്യം തുടരുമെന്നതിനാൽ അത് തടയാൻ ഈ ബഡ്ജറ്റ് സഹായകരമാണ്. അതുകൊണ്ടാണ് ഇതിനെ ഉത്തേജക ബഡ്ജറ്റെന്നു പറയുന്നത്. കൂടാതെ രണ്ട് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസമൊരുക്കു ന്നതാണ്. കേന്ദ്ര സർക്കാർ ഒൻപതര ശതമാനത്തിന് കെ.എഫ്.സി.ക്ക് വായ്പ നൽകുന്നതുകൊണ്ടാണ് അവർ നൽകുന്ന വായ്പയ്ക്ക് കൂടുതൽ പലിശ ഈടാക്കുന്നത്. കേന്ദ്ര സർക്കാർ 6 ശതമാനം പലിശയ്ക്ക് വായ്പ അനുവദിച്ചാൽ ഗൾഫ് മലയാളികൾക്കും, പീഡിത വ്യവസായത്തിനും 7-8 ശതമാനം പലിശയ്ക്ക് വായ്പ അനുവദിക്കാൻ കഴിയും. കെ.എഫ്.സി.ക്ക് 130

കോടിരൂപ ഈ സപ്ലിമെന്ററി ഡിമാൻഡ്സ് ആന്റ് ഗ്രാന്റ്സിൽ അനുവദിച്ച് അവരെ റീ-ക്യാപിറ്റലൈസ് ചെയ്ത് നിലനിർത്തുന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്. ബി.പി.എൽ. ലിസ്റ്റിൽ വന്ന അപാകതയുടെ പേരിൽ റേഷൻ വിഹിതം മുടക്കാൻ പാടില്ലാത്തതിനാൽ അത് പിന്നീട് റെക്ടിഫൈ ചെയ്യാൻ തീരുമാനിച്ചു. മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും, ആശ്രയ കുടുംബങ്ങൾക്കും, എസ്.സി./എസ്.ടി. കുടുംബങ്ങൾക്കും രണ്ടു രൂപയുടെ റേഷൻ അരി നൽകുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രയോജനം 26 ലക്ഷത്തോളം കുടുംബങ്ങൾക്ക് ലഭ്യമാകും. പുതിയ ബി.പി.എൽ ലിസ്റ്റിനുള്ള സർവ്വേ നടക്കാൻ പോകുകയാണ്. ഇവിടെ അവതരിപ്പിക്കുന്ന വോട്ട് ഓൺ അക്കൗണ്ട് നാല് മാസത്തേയ്ക്കുള്ളതാണ്. നിർമ്മാണ പ്രവൃത്തികൾക്ക് ഏപ്രിൽ 16 കഴിഞ്ഞാൽ ഭരണാനുമതി കൊടുത്തുതുടങ്ങും. ബഡ്ജറ്റ് ഹെഡ്ഡിൽ വകയിരുത്തിയിരിക്കുന്ന തുക പോരാതെ വന്നാൽ സ്പെഷ്യൽ സാങ്ഷൻവഴി തുക അനുവദിക്കുന്നതാണ്. തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽ ചൂണ്ടിക്കാണിക്കാൻ ഈ സർക്കാരിന് ധാരാളം കാര്യങ്ങളുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ ചെയ്യുമെന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് തുടക്കംകുറിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളും ചെയ്യുമെന്നുള്ള ഉറപ്പാണ് സർക്കാർ ജനങ്ങൾക്കുമുന്നിൽ വയ്ക്കാൻ പോകുന്നത്. സംസ്ഥാന വരുമാനത്തിന്റെ .7 ശതമാനമായിരുന്ന ക്യാപ്പിറ്റൽ എക്സ്പെന്റീച്ചർ 2 ശതമാനത്തിലേക്ക് ഉയരാൻ പോകുകയാണ്. പാവപ്പെട്ട ജനങ്ങൾക്ക് സ്ഥായിയായ വരുമാനമുണ്ടാക്കുന്നതിനുള്ള ഒരു കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റിൽ ഉള്ളത്. അതിന് തടസ്സം നിൽക്കുന്നത് കേന്ദ്ര സർക്കാരിന്റെ നയങ്ങളാണ്. ഇന്ത്യ

ഇതുവരെ തുടർന്നുവന്ന സാമ്രാജ്യത്വ വിരുദ്ധ ചേരിചേരാനയം പൂർണ്ണമായും ഉപേക്ഷിച്ച് അമേരിക്കയുടെ പ്രീതി നേടാൻ വേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കലങ്ങിമറിഞ്ഞ രാഷ്ട്രീയത്തിൽ മതേതര സർക്കാരിന് രൂപം നൽകുന്നതിന് ഏത് കാലത്തും ഇടതുപക്ഷ കക്ഷികൾക്ക് പ്രസക്തിയുണ്ട്. പൗരാവകാശങ്ങളെല്ലാം നിഷേധിച്ച് വോട്ട് ചെയ്യാനുള്ള അവകാശം പോലും ഇല്ലാതാക്കുന്ന ഏതൊരു ശക്തിയേയും ശക്തമായി എതിർക്കും. നാടിന്റെ വികസനത്തിനാധാരമായ കാഴ്ചപ്പാടും പാവപ്പെട്ടവരോടുള്ള പ്രതിബദ്ധതയും ഈ ബഡ്ജറ്റിലുണ്ട്.

ഭേദഗതികൾ നിരാകരിച്ചു

22-നെതിരെ 72 വോട്ടുകളോടെ വോട്ട് ഓൺ അക്കൗണ്ട് സഭ പാസാക്കി.

**നിയമനിർമ്മാണകാര്യം**

(1) <u>2009-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ.തോമസ് ഐസക്):</u> 2009-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ക്രമപ്രശ്നം**

<u>അധികം ചെലവഴിച്ച തുക റഗുലറൈസ് ചെയ്യുന്ന നടപടി</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമെ ചെലവഴിച്ച അധിക തുക സപ്ലിമെന്ററി ഗ്രാന്റായി പാസ്സാക്കുന്നതിനുള്ള

പ്രൊസീഡ്വർ എന്നുപറയുന്നത് സി.ആന്റ് എ.ജി എക്സാമിൻ ചെയ്ത് നിയമസഭയിൽ ലേ ചെയ്തതിനുശേഷം പി.എ.സി. അത് പരിശോധിച്ച് റെഗുലറൈസ് ചെയ്യുകയും പി.എ.സി.യുടെ റെക്കമെന്റേഷൻ ലഭിക്കുകയും വേണം. എങ്കിൽ മാത്രമേ അത് റെഗുലറൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിനെക്കുറിച്ച് റൂളിംഗ് വേണം.

മി. സ്പീക്കർ: ഇക്കാര്യം പരിശോധിക്കാം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): 2009-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): 2009-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം 22-നെതിരെ 73 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) 2009-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): 2009-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2009-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): 2009-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**വിശദീകരണം**

<u>അധികംചെലവഴിച്ച തുക റഗുലറൈസ് ചെയ്യുന്ന നടപടി</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്):</u> മാർച്ച് 31-നു മുമ്പ് നിയമസഭ പാസ്സാക്കിയില്ലെങ്കിൽ മാത്രമേ എക്സസ് എമൗണ്ട് റെഗുലറൈസ് ചെയ്യുന്ന കാര്യത്തിൽ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞ പ്രൊസീഡ്വർ അനുവർത്തിക്കേണ്ടതായിട്ടുള്ളൂ.

<u>അവകാശ ലംഘന പ്രശ്നങ്ങൾ പരിഗണനയിലിരിക്കുന്നത്</u>

<u>മി. സ്പീക്കർ</u>: 12-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ ശ്രീ. സോണിലാലിന്റെ ദുരൂഹ മരണത്തെ സംബന്ധിച്ചുള്ള 292-ാം നമ്പർ നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യത്തിന് 24-11-2008-ൽ വാസ്തവ വിരുദ്ധവും നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ മറുപടി നൽകിയെന്നാരോപിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പുസെക്രട്ടറി, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ ശ്രീ.എം.എ. വാഹീദ് എം.എൽ.എ. നൽകിയ അവകാശ ലംഘന നോട്ടീസും 12-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള)-ലെ ഡി.പി.സി. തീരുമാനിച്ച സെലക്റ്റ് ലിസ്റ്റിലെ മാറ്റം സംബന്ധി ച്ചുള്ള നക്ഷത്രച്ചിഹ്നമിടാത്ത 2231-ഉം 2232-ഉം നമ്പർ ചോദ്യങ്ങൾക്ക് 4.12.2008-ന് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഉത്തരം നൽകി എന്നാരോപിച്ച് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി, മുൻ ചീഫ് സെക്രട്ടറി, തൊഴിലും പുനരധിവാസവും വകുപ്പു സെക്രട്ടറി, തൊഴിൽ വകുപ്പ് ഡയറക്ടർ എന്നിവർക്കെതിരെ ശ്രീ. ടി.എൻ. പ്രതാപൻ, എം.എൽ.എ. നൽകിയ അവകാശ ലംഘന നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സഭ മുമ്പാകെ മറ്റ് ബിസ്സിനസ്സുകൾ ഇല്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ: 12-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനം ഫെബ്രുവരി 13-ാം തീയതി ആരംഭിച്ച് മാർച്ച് 5-ാം തീയതി വരെ സമ്മേളിക്കാനാണ് തീരുമാനിച്ചിരുന്നതെങ്കിലും ഇന്ന് ബിസിനസ്സ് പൂർത്തീകരിച്ച് സഭ പിരിയുകയാണ്. ഈ സമ്മേളനം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് തുടങ്ങിയത്. 2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും 2008-09-ലെ ഫൈനൽ സപ്ലിമെന്ററി ഗ്രാന്റും പാസ്സാക്കുകയുണ്ടായി. 10-ാം സമ്മേളനത്തിൽ 157 സബ്മിഷനുകളും 18 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും അവതരിപ്പിക്കപ്പെട്ടു. രാജ്യത്തിന്റെ പരമോന്നത നിയമ നിർമ്മാണസഭയായ ലോക്സഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിലാണ് ഇന്ന് ബഡ്ജറ്റ് സെഷൻ അവസാനിച്ച് പിരിയുന്നത്. ഈ സെഷൻ വിജയകരമായി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, അംഗങ്ങൾ, മാധ്യമ പ്രതിനിധികൾ, ജീവനക്കാർ എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ എല്ലാ സഹകരണത്തിനും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

സഭ വൈകുന്നേരം 4.37-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

.................